രണവും രാഗവും



വാരിയത്തു് കുട്ടിരാമമേനോൻ.

1939

എമ്പയർ പ്രസ്സ്, കോഴിക്കോട്.

സൂചിപത്രം.

		ഭാഗം.
1.	തുതഹ് റദത്തിലെ കൈവത്തൻ	1
2.	പൂച്ചയും മൂങ്ങയും ...	19
3.	പഠിച്ചുതു പയററി ...	23
4.	ഉദ്രരാജന്റെ കുടുംബജീവിതം ...	39

മുഖവുര

പുരാണപാരായണം ചെയ്തിരുന്ന കാലത്ത് കേരളീയക്ക് ശ്രീരാമൻ മഹാവിഷ്ണുവും ഹനുമാൻ വിഷ്ണുഭക്തനുമായിരുന്നു. ആ കാലംമാറി പുരാണങ്ങളും ഗദ്യരൂപത്തിൽ പാഠ്യപുസ്തകമായവതരിച്ചപ്പോൾ ശ്രീരാമൻ ഒരു ക്ഷത്രിയരാജാവും ഹനുമാൻ ഒരു ദ്രമിഡ പരിചാരകനുമായി. സ്കൂളിൽചേർന്നു കുറച്ചുകാലം ചെന്നപ്പോൾ അവിടത്തെ ചിട്ടയനുസരിച്ച് പക്ഷികളും മൃഗങ്ങളും സംഭാഷണം ചെയ്യുന്ന പുസ്തകത്തെ യക്ഷികഥകളുടെ കൂട്ടത്തിലേക്കു തള്ളി.

പക്ഷികൾക്കും മൃഗങ്ങൾക്കും സംഭാഷണം അസാദ്ധ്യമാണെങ്കിലും ഇംഗിതമറിയിക്കുവാൻ പലമാർഗ്ഗങ്ങളുമുണ്ട്. അവക്കും നമ്മളെപ്പോലെ പ്രേമവും കാമവും, സ്നേഹവും വൈരവും, ക്രോധവും ഭീതിയും, സന്തോഷവും സന്താപവുമുണ്ട്. ചില ചിന്തകന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം ഈ വികാരങ്ങളെല്ലാം രോഗങ്ങളാണെന്നും മറ്റു രോഗങ്ങളെപ്പോലെ ചികിത്സിച്ചാൽ മാറുമെന്നുമാണ്. മറുചിലർപറയുന്നതു ഇതു രോഗംപിടിച്ചതലച്ചോറിന്ന് തോന്നുന്ന യുക്തികഥം മാത്രമാണെന്നാണ്. ഇതിൽ ഏതു ശരിയെന്നു നിർണ്ണയിക്കുന്നതു് എളുപ്പമല്ല. പ്രേമം ഒരു രോഗമാണെങ്കിൽ അതിന്റെ ലക്ഷ

ണം കണ്ടുപിടിക്കുവാനും, ചികിത്സ നിശ്ചയിക്കുവാനും നിഷ്കളങ്കപ്രേമം പരിശോധിച്ചെങ്കിൽ മാത്രമെ സാധിക്കുകയുള്ളൂ. ഇതിനു ചതിയെന്താണെന്നറിയാത്ത ജന്തുക്കളെ അവലോകനം ചെയ്യുന്നതായിരിക്കും ഉത്തമമായിട്ടുള്ള മാർഗ്ഗം.

വികാരങ്ങളും രോഗങ്ങളാണെങ്കിലും അല്ലെങ്കിലും അവതമ്മിൽ പരസ്പരബന്ധമുണ്ട്. പ്രേമവും കാമവും വളരെ വ്യത്യാസമുണ്ടെങ്കിലും അവതമ്മിൽ ദായാദികളാണെന്നു കഷ്ടിച്ചു സമ്മതിക്കാം; പക്ഷെ പ്രേമവും വൈരവും പരസ്പരബന്ധമുണ്ടെന്നു പറയുന്നത് ഇവ രോഗങ്ങളാണെന്നു പറയുന്നതിനേക്കാൾ സാഹസമാണെന്നു തോന്നിപ്പോകും. ഗാഢമായി ചിന്തിക്കുന്നതായാൽ പ്രഥമദൃഷ്ടത്തിൽ കാണുന്ന ഈ വൈരുദ്ധ്യം സാരമില്ല. സന്തോഷം തോന്നുംപോഴും സന്താപം വരുമ്പോഴും നാം കരയാറുണ്ട്, ക്രോധം വരുമ്പോഴും ലജ്ജതോന്നുമ്പോഴും നമ്മുടെ മുഖം ചുവക്കാറുണ്ട്, നമ്മുടെ പ്രേമഭാജനത്തേയും ക്രോധലക്ഷ്യത്തേയും നാം ദേഹോപദ്രവം ചെയ്യാറുണ്ട്. എന്നുമാത്രമല്ല ഒരു വികാരം മറെറാന്നായി മാറുവാൻ വളരെ എളുപ്പമാണു്.

ഈ പരസ്പരബന്ധത്തെ ഞാൻ പ്രകൃതിവിജ്ഞാനം ഒന്നാം പുസ്തകത്തിൽ വ്യക്തമായി സൂ

196.

HIGH SCHOOL

പ്പിച്ചിട്ടുണ്ട്. ഇവിടെ സ്തോഭങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തേക്കാളും പ്രധാനമായി പ്രതിപാദിക്കുന്നതു ഓരോ സ്തോഭങ്ങളുടേയും സ്വഭാവത്തെ മാത്രമാണു്.

മൃഗങ്ങളുടെ കഥകൾ എത്രയോ പഴയകാലത്തുതന്നെ ഇന്ത്യയിൽ സുലഭങ്ങളാണു. എന്നു മാത്രമല്ല ലോകത്തിലുള്ള ആ വക കഥകളുടെ അടിസ്ഥാനം നമ്മുടെ പഞ്ചതന്ത്രമാണെന്നു പറയുന്നു. പക്ഷെ പഞ്ചതന്ത്രത്തിലെ ജന്തുക്കൾക്കു മനുഷ്യരുടെ ചിന്തകളാണു് ഉണ്ടാകുന്നതു—അവർ വേഷം മാറിയ മനുഷ്യർ മാത്രമാണു്. പഞ്ചതന്ത്രം വായിക്കുമ്പോളെല്ലാം, അതിലെ കരടകനെ ഒരു കുറുക്കനും പിംഗളകനെ ഒരു സിംഹവും മറ്റു കഥാപാത്രങ്ങളെ അതാതു ജന്തുക്കളുമാക്കി, ആ ജന്തുക്കളുടെ യഥാർത്ഥ സ്വഭാവവും ചിന്തകളും വർണ്ണിക്കുന്ന ഒരു നവീനപഞ്ചതന്ത്രം എഴുതേണമെന്നു് എനിക്കു തോന്നാറുണ്ടു്. പക്ഷെ അതിനുള്ള ഭയങ്കരക്ലേശം എന്നെ ഭീരുവാക്കിത്തീർത്തിരിക്കുകയാണു്.

ജന്തുക്കളുടെ ജീവിതത്തിലും മനുഷ്യരുടെ ജീവിതത്തിലുള്ള സർവ്വ സ്ഥിതികളുമുണ്ടു്. അതിലും ദുഃഖപര്യവസായിയൊ സുഖപര്യവസായിയൊ ആയ നാടകങ്ങളും നടക്കുന്നുണ്ടു്. അതും മനുഷ്യചരിത്രത്തെപ്പോലെ ഒരു ആഖ്യായികയെ പറ്റിയ സർവ്വ

മമ്മങ്ങളും തികച്ചുള്ള ഒരു ഇതിവൃത്തമാകുന്നു. കിപ്ലിങ്ങിന്റെ 'ഡങ്കർ ബുക്ക്' വായിച്ചിട്ടുള്ളവർക്ക് ഈ പറയുന്നതു ശരിയാണെന്ന് തോന്നുവാൻ വേറെ തെളിവൊന്നും കൊടുക്കേണ്ട ആവശ്യമില്ല. പക്ഷെ മലയാളഭാഷയിൽ ആ തരത്തിലുള്ള ഒരു പുസ്തകം ഇത് ആദ്യമായി പ്രസിദ്ധം ചെയ്യുന്നതാണെന്ന് തോന്നുന്നു. അതുകൊണ്ട് പൊതുജനങ്ങൾ ഇതിനെ എപ്രകാരം സ്വീകരിക്കുമെന്ന അറിയാത്തതിനാൽ എനിക്ക് വളരെ ഉൽക്കണ്ഠയുണ്ട്. ഇത് ശ്രീരാമന്റെയും സീതയുടെയും, അനന്തപദ്മനാഭന്റെയും പാറുക്കുട്ടിയുടെയും, മാധവന്റെയും ഇന്ദുലേഖയുടെയും പ്രേമവും, രാവണന്റെയും രാമന്റെയും, പോരാട്ടവും വായിച്ചു വായിച്ചു മടുത്ത വായനക്കാർക്ക് വിവിധതരംകൊണ്ടെങ്കിലും അല്പം സന്തോഷം കൊടുക്കുന്നതായാൽ ഞാൻ കൃതാർത്ഥനായി.

ഇതിലെ പ്രധാനപ്പെട്ട മൂന്നു ലേഖനങ്ങളും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധം ചെയ്തിട്ടുള്ളവയാണ്. അവയെ ഇപ്രകാരം പുസ്തകരൂപത്തിലാക്കുവാൻ അനുവദിച്ച തൽപ്രവർത്തകന്മാർക്കും, ഈ ഗ്രന്ഥാവലിയിലെ മിക്ക പുസ്തകങ്ങളും ഭംഗിയായി അച്ചടിച്ചുതന്ന് എന്നെ പലവിധത്തിലും സഹായിച്ച എംപയർ അച്ചുക്കൂടം മാനേജർ, ശ്രീമാൻ കെ. എ. കൃഷ്ണനും ഞാൻ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

ഗ്രന്ഥകർത്താ.

തുതഹ്റദത്തിലെക്കൈവെത്തൻ

അത്യുന്നത ഗിരിനിരകളുടെ ഇടയിൽക്കൂടിയാണ് ആ പുഴ ഒഴുകിവരുന്നതു. ആ പർവ്വതങ്ങളുടെ മുമ്പിൽ വന്നതിനുശേഷം അതു് ഒരു തടാകംപോലെ പരന്നു ശാന്തമായിക്കിടക്കുന്നു. അവിടെനിന്നു് അതു് അനർഗ്ഗളമായി പ്രവഹിക്കുന്നതിനു പകരം അവിടവിടെയായി വെള്ളത്തിൻമീതെപ്പൊന്തിക്കാണുന്നവയും, വെള്ളത്തിനുള്ളിൽ മുഴച്ചു നില്ക്കുന്നവയും, ആയ അനവധി പാറക്കൂട്ടങ്ങളിൽ തടഞ്ഞു് പല കൈവഴികളായി പിരിഞ്ഞും, കൈവഴികളും തമ്മിൽ കൂട്ടിമുട്ടി പാറകളിലടിച്ചു് പതഞ്ഞും തുതപ്പാലത്തിനടിയിലേക്കു് ചാടിയൊളിക്കുന്നു. പാലത്തിന്റെ മറുപുറത്തുള്ള കാഴ്ച ഇതിലും മനോഹരമാണു്. അതിന്റെ കണ്ണുകളിൽക്കൂടി തള്ളിച്ചാടുന്ന ധവളിതജലധാരാധോരണിയെത്തടഞ്ഞു നില്ക്കുന്ന ശിലോച്ചയങ്ങളിൽ കയറിമറിഞ്ഞു ഭംഗുരിത കുംഭരങ്ങളിൽ നിപതിച്ചു തകർന്നു തെറിച്ചും, സംകടകടാഹങ്ങളിൽ ചുഴന്നുമറിഞ്ഞും, ഫേനിലപൂരിതങ്ങളായി തിളച്ചുപൊന്തിയും, കുടിലപഥങ്ങളിൽക്കൂടെ ത്വരിതഗമനം ചെയ്യും ആ പ്രവാഹം തുതഭഗവതികാവിന്റെ ചുവട്ടിലെത്തി, ഒരു ശാന്ത

ഗംഭീരജലാശയമായിപ്പരിണമിച്ചു, അവിടെനിന്നു നിഗ്ഗമിക്കുന്നു.

പ്രകൃതിരമണീയമായ ഈ സ്ഥലം മറേറ വല്ല രാജ്യത്തുമായിരുന്നെങ്കിൽ അടുത്ത പട്ടണങ്ങളിൽ നിന്നെല്ലാം ഗ്രീഷ്മകാലം കഴിച്ചുകൂട്ടുന്നതിനു ജനാവലികൾ തിങ്ങിക്കൂടുന്ന ഒരു സുഖവാസസ്ഥലമായും പ്രേക്ഷകന്മാരുടെ പരമസ്ഥാനമായും വിളങ്ങുമായിരുന്നു. പക്ഷെ ഇവിടം ഇന്നും വിജനമാണ്. അനവധി പണം ചിലവഴിച്ചുണ്ടാക്കിയ ആ പാലം അപൂർവ്വമായിട്ടെ ഉപയോഗപ്പെടുത്തുന്നുള്ളൂ.

ഭഗവതികാവിലെപ്പൊയ്കയാണെന്നു തോന്നുന്ന ആ അഗാധകയം അതിൽ വസിക്കുന്ന മത്സ്യങ്ങൾക്കു ഒരു ശാശ്വതനിഷ്പത്തിസ്ഥാനമായിരുന്നു. അവ അതിൽനിന്നു ചിലപ്പോൾ ആ വെള്ളച്ചാട്ടങ്ങളിൽക്കൂടെ തുള്ളിക്കയറി മേൽഭാഗത്തിലുള്ള ഹ്രദത്തിലേക്കു പോകാറുണ്ടെങ്കിലും അവയുടെ പ്രധാനമായ നിവാസസ്ഥാനം ഇതുതന്നെയാണു. ഇവിടെയാണു അവയ്ക്കു രുചികരമായിത്തോന്നുന്ന ഭക്ഷണപദാർത്ഥങ്ങൾ സുലഭമായി കിട്ടുന്നതു്. പാലത്തിന്നടുത്തു പല പ്രദേശങ്ങളിലും പ്രപതിക്കുന്ന നിർഝരങ്ങളിൽനിന്നു തെറിച്ചുപൊങ്ങുന്ന വെള്ളത്തുള്ളികൾ ആകസ്മികമായി അടിച്ചുവീഴ്ത്തുന്ന വണ്ടുകളും ശലഭങ്ങളും, നദീപ്രവാഹത്തിലെവിടെയെ

ങ്കിലും എപ്പോഴെങ്കിലും വീണ ഒലിച്ചുവന്ന ഒത്തു ചേർന്ന വെള്ളച്ചാട്ടത്തിലടിച്ചു തകർന്നു കൊത്തിവിഴുങ്ങത്തക്ക സ്വരൂപത്തിലായ പഴങ്ങളും വിത്തുകളും ഈ കയത്തിലാണ് വന്നുചേരുന്നത്. അതിന്റെ തീരത്തിലുള്ള മഹാവൃക്ഷങ്ങളുടെ ശാഖകൾ വെള്ളത്തിന്മീതെ കവിഞ്ഞുനില്ക്കുകയാൽ ആ ജലാശയമെപ്പോഴും ആതപഹീനമായും ശിശിരപരിപൂരിതമായും ഇരുന്നു.

വൃക്ഷങ്ങളുടെ ചില വേരുകൾ പല പ്രദേശങ്ങളിലും പുഴയിലേക്ക് ഇറങ്ങിനില്ക്കുകയും വെള്ളത്തിൽനിന്നു കയറിവരുന്ന മുതലകളാണെന്നു തോന്നത്തക്കവണ്ണം മറ്റു ചില വേരുകൾ പയഃപ്രാന്തങ്ങളിൽ പൊന്തിനില്ക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങിനെ നില്ക്കുന്ന ഒരു വണ്ണമുള്ള വേരിന്മേൽ ഒരുവൻ ഇരുന്നിരുന്നു. മദ്ധ്യാഹ്നാക്കിന്റെ പശ്ചിമഭാഗത്തേക്ക് നല്ലവണ്ണം നിപതിച്ചുകഴിഞ്ഞിരിക്കുന്നു. തീച്ചൂയായും മൂന്നുമണി കഴിഞ്ഞിരിക്കണം. ചരിഞ്ഞുവീഴുന്ന സൂര്യകിരണങ്ങൾ ആ ഇരുണ്ട ജലത്തെ പ്രശോഭിതമാക്കി. അതു സ്ഫടികശുഭ്രമാണെന്നു അപ്പോഴാണു മനസ്സിലായതു. സികതിലമായ അടിത്തട്ട് സുവ്യക്തമായി കണ്ടിരുന്നു. അവിടവിടെയായി വലിയ പാറക്കട്ടകളും, അടിഞ്ഞുകൂടിയ ഉരുളൻകല്ലുകളും, ചീഞ്ഞുതുടങ്ങിയ ചപ്പുകളും കാ

ണ്മാനുണ്ടായിരുന്നു. വെള്ളം നില്ക്കുന്ന അത്തിയിൽനിന്നു അടിയിലേക്കുള്ള തീരപ്രദേശം മിക്കവാറും ചെങ്കുത്തായ പാറകളാണെന്നു പറയാം.

അടിത്തട്ടു പരിശോധിച്ചുകൊണ്ടു ഒരുതരം വലിയ മത്സ്യങ്ങളം നടന്നിരുന്നു. അവർ പൊന്തിവരുന്ന വകക്കാരല്ല. അവക്കു ആരെയും ഭയമില്ലെന്നു അവരുടെ അലസത വെളിവാക്കിയിരുന്നു. വേറൊരു വർഗ്ഗം ആകയം മുഴുവൻ ഓടിനടന്നിരുന്നു. അവക്കു അടിത്തട്ടു അത്ര തൃപ്തികരമല്ലെന്നു വ്യക്തമാണ്. എന്നു മാത്രമല്ല അവിടെപ്പതിഞ്ഞു കിടക്കുന്ന പാവങ്ങളെ അല്പം പുച്ഛമാണെന്നു തോന്നത്തക്കവണ്ണം അവരെ തിരിഞ്ഞുനോക്കുകകൂടിച്ചെയ്തിരുന്നില്ല. അതിവേഗത്തിൽ പായുന്ന ഈ കുറുനരികളുടെ വലിപ്പം നിർണ്ണയിക്കുവാൻ പ്രയാസമാണ്. ഒരു മുഴത്തിൽ കുറവാണെന്നു തീർച്ചയാണ്. ഒരു ചാനിലധികമുണ്ടെന്നും പറയാം. ഇവക്കു പുറമെ അസംഖ്യം ചെറുപരലുകളും അതിൽ തുള്ളിക്കളിച്ചിരുന്നു.

വെള്ളത്തിനുള്ളിൽ ഈ ക്ഷോഭമെല്ലാമുണ്ടായിരുന്നെങ്കിലും അതിനു പുറമെ പ്രശാന്തമായിരുന്നു. വേരിന്മേൽ കിടന്നു പോക്കുവെയിൽകൊണ്ടു സുഖിക്കുന്ന ചങ്ങാതിക്കു ചേഷ്ടകളൊന്നും കാണാത്തതിനാൽ സുഷുപ്തിയിലാണെന്നു തോന്നുന്നു. ആ

വൃക്ഷത്തിന്റെ കൊമ്പിലിരിക്കുന്ന ഒരു പൊന്മ ഒരു കല്ലുവീഴുന്നതുപോലെ തലകീഴായി വെള്ളത്തിലേക്കു തുള്ളുകയും അവിടെനിന്നു ഒരു പരലിനെ എടുത്തുപൊക്കി ആ വൃക്ഷക്കൊമ്പിൽ തന്നെ പറന്നിരുന്ന് അതിനെ വിഴുങ്ങുകയും ചെയ്തു. വേരിലിരിക്കുന്നവൻ ഇതുകൊണ്ടൊന്നും ഉണർന്നതായി തോന്നിയില്ല. പക്ഷെ പൊന്മ ഒരിക്കൽക്കൂടി വെള്ളത്തിലേക്കു ചാടി. ഇക്കുറി പൊങ്ങിവന്നപ്പോഴം അവന്റെ കൊക്കിൽ ഉണ്ടായിരുന്ന മത്സ്യം കുറച്ചു വലുതായിരുന്നു. മുഖം വെള്ളത്തോടു തൊട്ടുവെച്ചു തലകീഴായി വേരിന്മേൽ കിടക്കുന്ന പുള്ളി ഇപ്പോഴം തലപൊക്കി പൊന്മയെ അസൂയയോടുകൂടി നോക്കി, വീണ്ടും വെള്ളത്തിലേക്കു തന്നെ ദൃഷ്ടിപതിപ്പിച്ചു. ഇവൻ ഉറങ്ങുകയാണെന്നു വിചാരിച്ചതു അബദ്ധമാണ്. അവന്റെ പീതനേത്രങ്ങളിൽനിന്നു സ്ഫുരിക്കുന്ന നീലരശ്മികളം തന്ത്രിയുടെ യാതൊരു ലക്ഷണവും കാണിക്കുന്നില്ല.

ഇവന്റെ ചന്ദനപ്പുല്ല നിറവും നീണ്ട കാലുകളും കണ്ടാൽ ഒരു നോട്ടത്തിനു അവൻ ഒരു നായയാണെന്നു തോന്നിയേക്കാം. എന്നു മാത്രമല്ല അവന്റെ കൂർവാൽ ഏഴിഞ്ചു നീളത്തിൽവെച്ചു മുറിച്ചപോലെ തോന്നുകയാൽ പരിഷ്കാരികളാരെങ്കിലും വളർത്തുന്ന നായയാണെന്നുകൂടി തോന്നിയേ

ക്കാം. പക്ഷെ അവന്റെ ദേഹത്തിൽ അവിടവിടെയായിക്കാണുന്ന കപിലവർണ്ണത്തിലുള്ള പുള്ളികളും, കറുത്തുരുണ്ട മുഖവും, തുറിച്ചുനില്ക്കുന്ന മീശയും, നീണ്ട രോമങ്ങളുള്ള ചെവിയും പൂച്ചയുടെ ഛായയാണു അധികം കൊടുക്കുന്നതു. ഇവനെ ചില ദിക്കിൽ കോക്കാൻ എന്നു പറയാറുണ്ടു. മറ്റു ചില ദിക്കിൽ കൊരവൻപുലിയെന്നാണു വിളിക്കുന്നതു.

ഇവൻ ഇവിടെ കാത്തുകിടക്കുക പതിവാണു. ചിലപ്പോൾ ഒന്നരണ്ടു മണിക്കൂറോളം തുടച്ചയായി കിടന്നേക്കും. അതിക്ഷമയോടുകൂടിയും അനക്കമില്ലാതെയും കിടക്കും. മുഖം വെള്ളത്തിന്നു തൊട്ടു പിടിക്കുന്നതിനാൽ അതിനെ മൂടിനില്ക്കുന്ന വൃക്ഷക്കൊമ്പുകളും പതിപ്പിക്കുന്ന ഛായകളുടെ സമ്മേളനത്താൽ ഇരുണ്ടുതോന്നുന്ന ആ ശുദ്ധജലത്തിന്നുള്ളിലേക്കുള്ള നോട്ടത്തിന്നു ഭംഗം വരാത്തതുകൊണ്ടു വെള്ളത്തിന്നുള്ളിൽ നടക്കുന്ന സകല സംഭവങ്ങളും അവനു കാണാം.

അവിടെ ഭക്ഷണമന്വേഷിച്ചു പാഞ്ഞുനടക്കുന്ന മത്സ്യങ്ങൾ തമ്മിൽ തമ്മിൽ കലഹിക്കുന്നതും, വണ്ടുകളെയും, ചെറുമത്സ്യങ്ങളെയും, പഴങ്ങളെയും കൊത്തിവിഴുങ്ങുന്നതും, ഇടക്കു പൊന്തിവന്നു ഒലിക്കുന്ന വസ്തുക്കളെ ഭക്ഷ്യവസ്തുവാണൊ എന്നു പരിശോധിച്ചുനോക്കുന്നതും, പറ്റിയതല്ലെങ്കിൽ തുപ്പി

ക്കളയുന്നതും അവൻ കണ്ടിരുന്നു. ആ ജലപ്രവാഹം കയത്തിലെത്തുമ്പോൾ ചുഴിഞ്ഞൊഴുകുന്നതു കൊണ്ടു ചിലിക്കുന്ന ചില വസ്തുക്കൾ ചിലപ്പോൾ ഈ ധീവരനിരിക്കുന്ന വേരിന്നടുത്തുവരും, അതു കണ്ട ഒരു മത്സ്യം ഇരകുകൾ പരത്തി സാവകാശത്തിലിളക്കി ചരിഞ്ഞു പൊന്തിവരും, അപ്പോൾ ആ വേരിന്മേലിരിക്കുന്ന ജാഗ്രുകന്റെ മാംസപേശികൾ വിറങ്ങലിക്കും, വെളുത്തു നീണ്ട നഖങ്ങൾ ഉറകളിൽനിന്നു പുറത്തുചാടും, അവന്റെ കണ്ണിൽനിന്നു ഒരു നീല ജ്വാല സ്ഫുരിച്ചുണരും, മത്സ്യം ജലതലത്തെ വകഞ്ഞുപൊന്തി വായതുറന്നു ഭക്ഷ്യപദാർത്ഥത്തെ ഗ്രഹിക്കും, അവന്റെ മീതെ നില്ക്കുന്ന വേരിൽനിന്നു നഖരഖചിതമായ ഒരു ഹസ്തം മിന്നൽപിണർ പോലെ പുറത്തു ചാടി ഉന്നം പിഴക്കാതെ, അപരിഹാരമില്ലാതെ, അവനെ കോരിയെടുക്കും; അരനിമിഷത്തിന്നുള്ളിൽ ആ മത്സ്യം കരയിലുള്ള പുല്ലുകൾക്കിടയിൽ വളരെ ദൂരത്തായി കിടന്നു പിടക്കും, അടുത്ത നിമിഷത്തിൽ ആ കൊടൂരൻപുലി അവന്റെ മേൽ ചാടിവീണു് വഴക്കിക്കളിക്കുന്ന അവനെ രണ്ടു കൈകളെക്കൊണ്ടും നിലത്തമർത്തി പ്രമദിതമനസ്സോടുകൂടി അവന്റെ കഴുത്തുകടിച്ചുമുറിക്കും.

ഇന്നത്തെ അവന്റെ ജാഗരണം ഫലവത്തല്ലാത്തതുകൊണ്ടുള്ള ഇച്ഛാഭംഗം ആ കൈവർത്തന്റെ

മുഖത്തു സ്ഫുരിച്ചിരുന്നു. ആ പൊന്മയെ നോക്കിയ നോട്ടത്തിൽ അസൂയ മാത്രമല്ല ക്രൌര്യവും ഗർഭിച്ചിരുന്നു. വെള്ളത്തിന്നടിയിൽ ഇഴഞ്ഞു നടക്കുന്ന തടിച്ച മത്സ്യങ്ങളെ അതിതീക്ഷ്ണയോടുകൂടിയാണു് അവൻ വീക്ഷിച്ചിരുന്നതു. പക്ഷെ അവ ഒരിക്കലും മേലോട്ടു വരാത്തതുകൊണ്ടു് അവ തടിച്ചവയാണെന്നും കൊതിക്കത്തക്കവയാണെന്നുമല്ലാതെ അവയെപ്പറ്റി അവന്നു വേറെ അറിവുണ്ടായിരുന്നില്ല. കുറുന്തലകൻ അങ്ങിനെയല്ല. അവയെപ്പറ്റി അവന്നു നല്ല ജ്ഞാനമുണ്ടായിരുന്നു. പക്ഷെ ഇന്നത്തെ കഠോരമായ വെയിൽ തട്ടി ആ കാനലിൽ കിടക്കുന്ന വെള്ളംകൂടി ചൂടുപിടിച്ചിരുന്നതുകൊണ്ടും, ആ ഊഷ്മാവു് ഈ സമയംകൊണ്ടു സർവ്വത്ര വ്യാപിച്ചിരുന്നതുകൊണ്ടും അവകൂടി അനങ്ങാതെ നിന്നു. വെള്ളത്തിന്മീതെ പതുക്കെയൊലിച്ചു, സർവ്വരെയും മോഹിപ്പിച്ചു ചുഴന്നു കളിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളെ അവ തിരിഞ്ഞുനോക്കുകകൂടി ചെയ്തിരുന്നില്ല.

മീൻപിടുത്തക്കാരെപ്പോലെ ക്ഷമാശീലന്മാരില്ല. പക്ഷെ ഇന്നവന്റെ ആ ശീലത്തെ കണക്കിലധികം പരീക്ഷിച്ചിരിക്കുന്നു, അവന്നു പതിവിലധികം വിശപ്പുതോന്നി, എന്നുമാത്രമല്ല, ആ വിശപ്പു മത്സ്യം തിന്നാൽ മാത്രമെ മാറുള്ളു എന്നും അവൻ തീർച്ചയാക്കിയിരുന്നു. അവന്റെ അപഹാസാ

സ്വരമായ മുറിവാൽ കോപംകൊണ്ടു പിടച്ചു. അവിടെയിരുന്നിട്ടു കാര്യമില്ലെന്നു മിക്കവാറും തീർച്ചയാക്കി. മുയലിന്റെ മാംസം അത്ര കൊള്ളരുതാത്തതല്ലെന്നും, ഈ വഴക്കുന്ന ജന്തുക്കളെക്കാത്തു അവിടെയിരിക്കുന്നതു ഭോഷത്വമാണെന്നും ആലോചിച്ചു. അപ്പോഴാണു അവന്റെ ഇടത്തെ കണ്ണിന്റെ മൂലയിൽ ഒരു രൂപം പ്രത്യക്ഷപ്പെട്ടതു. പെട്ടെന്നു അവന്റെ രോമമെല്ലാം എടുത്തുപിടിച്ചു, കണ്ണിൽനിന്നു രശ്മികൾ ചിതറി, ചുണ്ടു വിറച്ചു മേലോട്ടുകയറിയതിനാൽ പല്ലുകൾ പുറത്തുചാടി. ഒരു ആക്രമി, പ്രതിയോഗി, സമർത്ഥനായ കൈവർത്തൽ അടുത്തുനില്ക്കുന്ന വൃക്ഷത്തിന്റെ വേരുകളുടെ ഇടയിൽനിന്നു തലകാണിച്ചു. ഒരു മണിക്കൂറുനേരമായി യാതൊരു ചലനവുമില്ലാതെ സൂക്ഷ്മതയിലാണ്ടിരിക്കുകയാണെന്നു വിചാരിച്ചിരുന്ന കൊറവൻ തല നല്ലവണ്ണം തിരിച്ചു് അവന്റെ ക്രൂരമായ കണ്ണുകൾ ആ ആക്രമിയിലുറപ്പിച്ചു.

ആ നവാഗതനാണെങ്കിൽ ഈ പ്രശാന്തപ്രജാഗരനെക്കണ്ടതായി നടിച്ചില്ല. അവന്റെ കനത്തവായയും ഉരുണ്ട തലയും അവനു ഒരു നായയുടെ ഛായ നല്ലവണ്ണം കൊടുക്കുന്നുണ്ടു്, പക്ഷേ വളരെ ചെറിയ ചെവിയായതുകൊണ്ടു നായയല്ലെന്നു തീർച്ചയാണു്. ഇവനും കൊറവനും ഒരു നോട്ടത്തിൽ

നായവർഗ്ഗമാണെന്നു നമുക്കു തോന്നാമെങ്കിലും ഇവന്റെ നരനിറത്തിൽ മിനുത്തുമിന്നുന്ന ലഘുശരീരവും, കറുത്ത കണ്ണും, കുറിയ കാലുകളും, നീണ്ടുതടിച്ച ബലമുള്ള വാലും കൊറവന്റെ തവിട്ടുനിറവും നീണ്ട കാലുകളും, കുറിയ വാലും, മഞ്ഞക്കണ്ണുകളുമായി വളരെ അന്തരമുണ്ടെന്നു സംശയമില്ല. പക്ഷെ ശരീരപുഷ്ടിയും ഘനവും രണ്ടു പേക്കും വലിയ വ്യത്യാസമില്ല. ഇവൻ ആ വേരിന്നിടയിൽ സ്ഥലംപിടിച്ച ഒരു നീർനായാണു്. വെള്ളം തൊടാതെ കരയിലിരുന്നു മത്സ്യപ്രപഞ്ചം വരുമ്പോഴത്തക്കം നോക്കി തട്ടിയെടുക്കുന്ന നായാട്ടുധർമ്മമുപേക്ഷിച്ച അശ്രദ്ധന്മാരെ അവനു പണ്ടുതന്നെ പുച്ഛമാണു്. അവനും ആഹ്ലാദപൂരിതമായ കണ്ണുകളെക്കൊണ്ടു ആ കയത്തിന്നുള്ളിലേക്കുതന്നെ നോക്കുന്നുണ്ടായിരുന്നു. പക്ഷെ കൊറവനെപ്പോലെ ലോകത്തോടു പരിഭവിച്ചു വിഷണ്ണനായിരിക്കാതെ ആ പൊത്തിൽ നിന്നു കീഴോട്ടിറങ്ങി, എണ്ണ പുരണ്ട ഒരു സാധനം വഴുതിച്ചാടുന്നപോലെ അവന്റെ ശരീരം അനായാസേന നീങ്ങി വെള്ളത്തിനു ചലനമുണ്ടാക്കാതെ അതിന്നുള്ളിലേക്കാണ്ടുപോയി. അവിടെവെച്ചു അവന്റെ മത്സ്യനിവ്വിശേഷമായ ചലനങ്ങളിൽ ആ കൊറവൻ കഠിനമായി വീക്ഷിച്ചുകൊണ്ടിരുന്നു.

അലസന്മാരായ ഹ്രദവാസികളെല്ലാം ഉണർന്നു, പരിഭ്രമിച്ചു, പാഞ്ഞുകളിച്ചു. അടിയിലനങ്ങാ

തെകിടന്നിരുന്ന തടിയന്മാക്കുക്കുടി അത്ഭുതകരമായ ആവേശമുണ്ടായി. പക്ഷെ കട്ടത്തമാംസത്തോട്ടുക്കുടിയ ആ പൊണ്ണന്മാരെ അവന്നാവശ്യമുണ്ടായിരുന്നില്ല. കുറുനരികൾ തിരിഞ്ഞും മറിഞ്ഞുമോടിക്കളിച്ചു. മേൽക്കയത്തിലേക്കു ചാടിക്കയറി രക്ഷപ്രാപിക്കുവാനുള്ള മാർഗ്ഗം ഭയപരിഭ്രമങ്ങളെക്കൊണ്ടു മറന്നുപോയി. എത്തിമുട്ടിയവരെയെല്ലാം ആ നീർനായ തണ്ടെല്ലുകടിച്ചു പൊട്ടിച്ചു വലിച്ചെറിഞ്ഞു. നാലഞ്ചു ചെറുമത്സ്യങ്ങൾ മലച്ചുപൊന്തി വെള്ളത്തിന്മീതെയൊലിച്ചു. പക്ഷെ ഈ നായാട്ടുകാരൻ അവയെക്കൊണ്ടു തൃപ്തിപ്പെട്ടില്ല. അസാധാരണ വലിപ്പത്തിലുള്ള ഒരു കുറുനരി അവന്റെ പിടിയിൽപ്പെടാതെ ഒഴിച്ചു മാറുന്നുണ്ടായിരുന്നു. അവനെയാണു തന്റെ ഭക്ഷണമായി ആ നീർനായ തീച്ചുയാക്കിയിരുന്നതു. തന്റെ നേരെയാണു അവൻ തിരിഞ്ഞിരിക്കുന്നതെന്നു ആ മത്സ്യത്തിന്നു മനസ്സിലായപ്പോൾ അവൻ സംഭ്രമിച്ചു തുള്ളിക്കളിച്ചു. നാലടിയിൽ ചുരുങ്ങാത്ത നീളമുണ്ടെങ്കിൽക്കൂടി ആ നീർനായ ഒരു മത്സ്യത്തെക്കാൾ വേഗതയും ശരീരലാഘവവും കാണിച്ചു. പക്ഷെ പരിഭ്രമിച്ചു പാഞ്ഞുനടക്കുന്ന ചെറു മത്സ്യങ്ങളിടയിൽചാടി അവന്റെ ഉദ്ദേശസാധ്യത്തിന്നു താമസംവരുത്തി.

തടിദേഹത്തിലുള്ള ഈ ഉപായവും, പലായനവും അന്ധാവനവും കണ്ണുകൾ മാത്രം ചലിപ്പിച്ചു

നോക്കിക്കൊണ്ടിരുന്നതല്ലാതെ അയ കൊറവൻ തന്റെ ശരീരത്തിന്നു യാതൊരു ചലനവും ഉണ്ടാക്കിയിരുന്നില്ല. അവസാനം അവനിരിക്കുന്ന വേരിന്റെ നേരെചുവട്ടിൽ ആ മത്സ്യം വന്നു പൊന്തി, ഉള്ളിലേക്കുതന്നെ തലതിരിച്ചു മുങ്ങുവാൻ തുടങ്ങി. തല തിരിക്കുവാൻവേണ്ടി അവനെടുത്ത ആ അരനിമിഷത്തിന്നിടയിൽ അവന്റെ കൈനീട്ടി ആ മത്സ്യത്തെ കരയിലേക്കു വലിച്ചെറിഞ്ഞു. മത്സ്യം ആ ഗോചരനായ ആ സ്ഥാനത്തു അതേസമയത്തു നീർനായയുടെ തല പൊന്തി. ക്ഷണനേരത്തേക്കു അവന്റെ കറുത്ത കണ്ണുകൾ ഒരടി ദൂരത്തല്ലാതെ കാണുന്ന കൊറവൻപുലിയുടെ മഞ്ഞക്കണ്ണിലേക്കു പ്രജ്വലിച്ചു. അപ്പോഴെക്കും ഒരു ചാട്ടംകൊണ്ടു കൊറവൻ കരയിലെത്തി മത്സ്യത്തെ നലിത്തമത്തിപ്പിടിച്ചു.

ആ കയത്തിൽ എത്ര മത്സ്യങ്ങൾ വേണമെങ്കിലുമുണ്ട്. അഞ്ചാറു മത്സ്യങ്ങൾ ഇഷ്ടംപോലെ പെറുക്കിയെടുക്കത്തക്കവണ്ണം ചത്തുമലച്ചു പാറിക്കളിക്കുന്നുണ്ട്. പക്ഷെ അതൊന്നും ആ നീർനായക്കു കായ്മായിത്തോന്നിയില്ല. താൻ കൊന്നു ഭക്ഷണമാക്കുവാൻ തീച്ചയാക്കിയ ജന്തുവിനെ അന്യൻ അപഹരിച്ചു അവന്റെ വായിൽനിന്നു തട്ടിക്കൊണ്ടുപോയി. ഇതിന്നു പകരം ചോദിക്കുകയല്ലാതെ മറെറാരു ചിന്തക്കും അവന്നവകാശമില്ല. അവൻ

ആ വേരിന്മേൽ പിടിച്ചുകയറി കരയിലേക്കു നിശ്ശബ്ദമായി പ്രസരിച്ചു.

കൊറൻപുലിയുടെ അഭിപ്രായത്തിൽ, ആ ക്ഷേപങ്ങളം വല്ലതും പറവാനുണ്ടെങ്കിൽ അതെല്ലാം അവനാണുള്ളതു. ആ വേര് അവന്റെ ഇരിപ്പിടമാണ്. നീന്നായ അതിന്നടിയിലേക്കു വന്നതു തീച്ചുയായും കയ്യേറ്റത്തിന്നുവേണ്ടിയാണു്. അതല്ലെങ്കിൽ ആ വിശാല ഹ്രദത്തിൽ ഈ വേരിന്നടിയിലുള്ള രണ്ടടിവട്ടപ്പാടൊഴിച്ചു എത്ര സ്ഥലം വെറുതെ കിടക്കുന്നുണ്ടു! അവിടെയെല്ലാം അവനു യഥേഷ്ടം വിഹരിക്കരുതോ?

കിട നിലനിൽപ്പത്തക്ക രണ്ടു ജീവികളം ഇരുവഴിത്തിൽ പെട്ടവയാണെങ്കിൽ സാധാരണയായി ഏറുമുട്ടാതെ ഒഴിച്ചുമാറും. രണ്ടു പേരുടെയും യുദ്ധാസ്ത്രങ്ങളായം തമ്മിൽത്തമ്മിലറിയാത്തതുകൊണ്ടു വിജയം ആർക്കെന്നു സന്ദേഹം വരുന്നതിനാൽ ഈ വിളംബം കാണിക്കുന്നതിൽ അത്ഭുതമില്ല. പക്ഷെ ഇവിടെ നിവൃത്തിയില്ല. അഭിമാനത്തിലാണു കൈവെച്ചിരിക്കുന്നതു. ആ കാര്യത്തിൽ രണ്ടുപേരും പിന്നൊഴിക്കുന്നവരല്ല. പിടയുന്ന ആ മത്സ്യത്തെ കൊന്നതിന്നുശേഷം കൊറൻപുലി തിരിഞ്ഞുനിന്നു്, ഒരു കാൽ മത്സ്യത്തിന്റെ മേൽവെച്ചു്, വേണ്ടിവന്നാൽ ചാടിയെതുക്കുന്നതിന്നൊരുങ്ങി, പതു

ങ്ങിയമന്നിരുന്നു, അടുക്കലേക്കു വരുന്ന നീർനായയെ നോക്കി.

നീർനായ, തട്ടും തടവും നോക്കാതെ, അപായവും ഉപായവുമന്വേഷിക്കാതെ, നില്ക്കുകയോ ധൃതിപ്പെടുകയോ ചെയ്യാതെ, ഒരേനിലക്കു മുന്നോട്ടു കുതിച്ചു. അഞ്ചാറടി അടുത്തെത്തിയപ്പോൾ അവന്റെ ഗതി ഒരു നിമിഷനേരത്തേക്കു നിലച്ചു. പ്രതിയോഗിയുടെ കണ്ണിമക്കാത്ത നോട്ടം അവനെ പരാജിതനാക്കിയമാതിരി തോന്നി. പക്ഷെ അവനൊരു ലേശം പതറാതെ എതുനോട്ടം നോക്കുന്നുണ്ടായിരുന്നു. അവന്റെ ധൈര്യം തെറ്റിച്ചിട്ടില്ലെന്നു തീർച്ചയാണു. അവൻ നിന്നെന്നു പ്രതിയോഗിയറിയുന്നതിനുമുമ്പു വളരെ മെല്ലെ, ഓരോ അംഗുലമായി മുന്നോട്ടിഴഞ്ഞു.

കൊറവൻപുലിയുടെ പെട്ടെന്നുജ്ജ്വലിക്കുന്ന സ്വഭാവത്തിനു ദൃഢത പോരാത്തതുകൊണ്ടു പരിപംഥിയുടെ അടിവെപ്പുകൊണ്ടുള്ള ഈ വരവ് ഓടിക്കയറുന്നതിനേക്കാൾ അവനു പീഡാകരമായിരുന്നു. അവനു ധൈര്യത്തിനു കുറവുണ്ടെന്നു പറയുന്നില്ല. പക്ഷെ, വളരെ വേഗത്തിൽ ക്ഷോഭിക്കുന്ന സ്വഭാവമായതിനാൽ വായ തുറന്നു പല്ലിളിച്ചു് ചീറി, പരുഷമായി ഗർജ്ജിച്ചു. ഇതൊന്നും ആ തേട്ടിവരുന്ന രിപുവിനെ ആകുലനാക്കിയില്ല. കൊറവനന

ങ്ങാതെ നില്ക്കുക പ്രയാസമായിത്തോന്നി. പെട്ടെന്നു മേലോട്ട് ചാടി. വന്നുവീഴുന്നതു നീർനായയുടെ പുറത്തായിരിക്കേണമെന്നു അവൻ കണക്കാക്കിയിരുന്നു. പക്ഷെ നിലത്തെത്തിയപ്പോൾ ഉദ്ദേശിച്ച സ്ഥലത്തു അവന്റെ പുറം കണ്ടില്ല. അതു സാമർത്ഥ്യത്തോടുകൂടി അവിടെനിന്നു നീക്കിവെച്ചിട്ടുണ്ടായിരുന്നു. അടുത്ത നിമിഷത്തിൽ നീർനായ അവന്റെ തൊണ്ടക്കു ചാടി. പക്ഷെ ഒരു നെല്ലിടക്കു തെറ്റിപ്പോയതിനാൽ പല്ലുകൾ ക്രൂട്ടിയടിച്ചു. അല്പനേരത്തേക്കു രണ്ടുപേരും മുരണ്ടു പല്ലുകടിച്ചു മുഖത്തോടുമുഖം നോക്കിനിന്നു, ഒത്തുനിശ്ചയിച്ചപോലെ രണ്ടുപേരും പിൻവാങ്ങി നോട്ടംവിടാതെ വട്ടംചുറ്റി. ഓരോരുത്തനും മറ്റവന്റെ കണ്ണുതെറ്റുന്ന തഞ്ചംനോക്കി. ആ ചത്ത മത്സ്യം ചോരയൊലിച്ചു നടുവിൽ കിടന്നിരുന്നു. നീർനായ ഇതിന്നിടയിൽ അതിന്നടുക്കലേയ്ക്കു ഒന്നു കുതിച്ചു. കൊറവൻപൂലിയും മുരണ്ടു നേരിട്ടുചാടി. നീർനായ ഉടനെ അല്പം പിൻവലിച്ചു. കൊറവനും മുന്നോട്ടാഞ്ഞതു തടഞ്ഞു. രണ്ടുപേരും വീണ്ടും വട്ടംചുറ്റി.


കൊറവൻപൂലിയുടെ മന്ദഹാസമായ, ശ്രുപവും വിസ്തൃതമായ കണ്ണുകളും, പിണ്ഡിതമായ പൃഷ്ഠവും, നീണ്ടക്രൂത്ത നഖരങ്ങളും നോക്കുന്തോറും അതിനെയൊതുക്കുവാൻ തനിക്കുള്ള പാടവത്തെക്കുറിച്ചു

നീർനായക്കു സന്ദേഹംവർദ്ധിച്ചുവന്നു. ശംകപ്രവൃത്തി മായപ്പോൾ സംഗ്രാമത്തിനുള്ള ആസകതി ക്ഷയിച്ചു. കയത്തിനുള്ളിൽനിന്നു നിഷ്പ്രയാസമായി ഗ്രഹിക്കത്തക്ക മറ്റു മത്സ്യങ്ങളെപ്പറ്റി അവൻ ആലോചിച്ചു. അഭിമാനഭംഗം വരുന്നതല്ലെങ്കിൽ ഈ സന്നിദ്ധോദ്യമത്തിൽ നിന്നു അവൻ സന്തോഷത്തോടുകൂടി പിൻവലിക്കുമായിരുന്നു. പക്ഷെ അവൻ ഒരു വെറും പിടിത്തക്കാരനുമായിരുന്നു. അതുകൊണ്ടു് അതുവേഗം ഒഴിച്ചുപോവുകയുമില്ല. ഏതായാലും അവന്റെ അസ്വസ്ഥത്വം അവനോട്ടും പുറത്തു കാണിച്ചില്ല. കൊറവൻപുലി നേരെമറിച്ചു അത്രവലിയ ദൃഢശീലനല്ലാതിരുന്നതിനാലും, അവന്റെ ചഞ്ചലചിത്തവൃത്തിക്കനുസരിച്ചു അപ്പപ്പോൾ തോന്നുന്നതു ചെയ്യുന്നവനായതിനാലും മുയലുകളേയും മറ്റു ക്ഷണസാദ്ധ്യമായ കാര്യങ്ങളേയും ആലോചിച്ചു. നീർനായയുടെ ഉയരം കുറഞ്ഞു ബലംകൂടിയ ഇരുണ്ടശരീരവും, ക്രൂരപല്ലുകളും, ഏവനെയും ശിക്ഷിക്കുവാൻ തികവും പ്രാപ്തിയുള്ള തടിച്ച വായും കാണുംതോറും അവനിഷ്ടപ്പെടാതെ വരികയും മത്സ്യം ഒരു ഭക്ഷ്യപദാർത്ഥമായി സ്വീകരിക്കുന്നതിലുള്ള അയുക്തിയെയോർത്തു അതിശയിക്കുകയും ചെയ്തു. അവന്റെ സഞ്ചാരത്തിന്റെ പരിധി വികസിച്ചു. അതിനനുസരിച്ചു നീർനായയും കുറച്ചു പിന്നോക്കംമാറി. കൊറവൻ

പെട്ടന്നുനിന്ന് വൃക്ഷത്തിന്മേൽ ചാടിക്കയറുന്ന ഒരു മരംകൊത്തിയിലവന്റെ ഹൃദയം അനുരഞ്ജിച്ചപോലെ മേലോട്ടുനോക്കി. നീർനായ പുതിയ ഒരു ഗന്ധം കണ്ടുകിട്ടിയതിനെ പിൻതുടരുന്നപോലെ നിലത്തുനാറിക്കൊണ്ടു നടന്നു. മത്സ്യത്തിന്റെ കഥ രണ്ടുപേരും മറന്നതായി തോന്നി. അത് വൃക്ഷത്തിന്നിടയിൽക്കൂടിവന്ന സൂര്യപ്രകാശത്തിൽ തിളങ്ങിക്കൊണ്ടുകിടന്നു. ഒരു മണിയനീച്ച അതിന്റെ മേൽചെന്നിരുന്നു.

ഒരു മിനുട്ടു നിന്നതിന്നുശേഷം കൊറവൻപുലി അവിടംവിട്ട് മുപ്പതുനാല്പതടി അകലെയുള്ള ഒരു പൊന്തയുടെ അടുത്തുപോയി പിൻതിരിഞ്ഞിരുന്നു, ശ്രമസിദ്ധമായ അശ്രദ്ധയോടുകൂടി പ്രതിയോഗിയെ ചരിഞ്ഞുനോക്കി. ഏതുനിസ്സാരകാരണത്തിന്നും മടങ്ങിച്ചെന്നു പകരം ചോദിക്കുവാൻ അവൻ തയ്യാറായിരുന്നു. പക്ഷെ നീർനായ അതിന്നു ഒരുക്കമുണ്ടായിരുന്നില്ല. അവൻ തലതിരിച്ചു വെള്ളത്തിലേക്കുതന്നെ നീങ്ങി. ചത്തു കിടക്കുന്ന ഒരു മത്സ്യത്തെ കടിച്ചെടുത്തു കരയിൽ വളരെദ്ദൂരെ ഒരു സ്ഥലത്തുകൊണ്ടുവന്നു അവന്റെ എതിരാളിയുടെ മുമ്പിൽവെച്ചു വളരെ സ്വാദോടുകൂടി തിന്നുവാൻ തുടങ്ങി. അതു കണ്ടപ്പോൾ കൊറവൻ പതുക്കെവന്നു ആ വിവാദവസ്തുവിൽ കാൽവെച്ചു, നീർനായുടെ നേരെ കണ്ണുരു

റിച്ചു, ധൃഷ്ടതയോടുകൂടി മുരണ്ടു. അവന്റെ ശത്രു മറു കാര്യത്തിൽ ഏർപ്പെട്ടിരുന്നതുകൊണ്ടു മറുപടിയൊന്നും പറഞ്ഞില്ല. അവൻ ആ മത്സ്യത്തെ കടിച്ചെടുത്തു് ഒന്നുകൂടി മുരണ്ടു. അതിനും ഉത്തരമില്ല. അപ്പോൾ, അവന്റെ മുറിവാൽ പൊന്തിച്ചു നെട്ടനെപിടിച്ചു, പ്രാഭവത്തോടുകൂടി നടന്നു, അടുത്തുള്ള കുറിക്കാട്ടിൽ പോയി, ഭക്ഷണമാരംഭിച്ചു.



പൂച്ചയും മൂങ്ങയും

പ്രകൃതിവിജ്ഞാനം രണ്ടാം പുസ്തകത്തിൽ പൂച്ചയും മൂങ്ങയും തമ്മിലുള്ള ഒരു യുദ്ധത്തെപ്പറ്റി പറയുകയുണ്ടായി. അതു കേരളത്തിൽ നടന്ന ഒരു കഥയല്ല. വെള്ളമൂങ്ങ കേരളത്തിൽ ഇല്ല. താഴെ കൊടുക്കുന്നതു കേരളത്തിൽ ഉണ്ടായ ഒരു സംഭവമാണ്. അതുകൊണ്ട് ഇതിനു ആസ്വാദ്യത അല്പം കൂടി കൂട്ടുമെന്നു വിചാരിക്കുന്നു.

എന്റെ ഒരു സ്നേഹിതൻ ഒരിക്കൽ അദ്ദേഹം കണ്ട ഒരു കാഴ്ചയെപ്പറ്റി എന്നോട് പറയുകയുണ്ടായി. ഒരു രാത്രി അദ്ദേഹം അദ്ദേഹത്തിന്റെ വീട്ടിൽ, പൂമുഖത്തു കിടന്നു ഉറങ്ങുകയായിരുന്നു. അപ്പോൾ ഒരു ശബ്ദം കേട്ടു ഞെട്ടിയുണർന്നു. ഗാഢനിദ്രയിൽനിന്നു പെട്ടെന്നു ഉണർന്നാലുണ്ടാകുന്ന അസ്വസ്ഥതയോടു കൂടി നിവർന്നിരുന്നു താൻ ഉണരുവാൻ ഉണ്ടായ കാരണം എന്താണെന്ന് അറിയാതെ ഒന്നു പരുങ്ങി. ആ സമയത്തു മുറ്റത്തുനിന്നു ചില ചീറ്റലും തുമ്മലും കേട്ടു പരിഭ്രമിച്ചു ചാടിയെഴുന്നേറ്റു. പരിഭ്രമത്തിനുള്ള കാരണം മറ്റൊന്നുമല്ല—കേട്ടത് പാമ്പിന്റെ ചീറ്റലാണെന്നുള്ള ധാരണയാണ്. എഴുന്നേറ്റു നിന്നപ്പോൾ അധികം അകലെ

ലെയല്ലാതെ മുറത്തുനിന്ന ഒരു പക്ഷി തട്ടിപ്പിടച്ചു പറക്കുന്നതു കണ്ടു. പക്ഷി മൂങ്ങവർഗ്ഗത്തിൽ പെട്ട താണെന്ന സംശയമില്ല. ഊമനോ, കാലൻ കോഴിയോ എന്നു തിരിച്ചറിവാൻ സാധിച്ചില്ല. അതു് അറിയുന്നതു് നല്ല വെളിച്ചമുണ്ടെങ്കിൽക്കൂടി രാത്രി സമയത്തു കുറെ പ്രയാസവുമാണു്. ഈ പക്ഷികൾ നിശ്ശബ്ദമായി പറക്കുന്നവയാകയാൽ. ഇതു് ഇത്ര ബഹളമുണ്ടാക്കുന്നതെന്താണെന്ന ശങ്കിക്കുമ്പോഴേക്കും കാരണം അദ്ദേഹത്തിനു മനസ്സിലായി. അതിന്റെ കാലുകളിൽ ഇറുക്കിപ്പിടിച്ചിരുന്ന ഒരു സാധനം താഴെ വീണു. താഴെ വീണപ്പോഴാണു് ആ സാധനം അദ്ദേഹം കണ്ടു. അതു ഒരു പൂച്ചയായിരുന്നു.

ആ പൂച്ച വളരെ വലുതല്ല. അടുത്തകാലത്തു പെറ്റു വളർന്നതാകയാൽ ഒരു വയസ്സിലധികം പ്രായമായിരിക്കയില്ല.

"പൂച്ചവീണാൽ തഞ്ചത്തിൽ" എന്നു പറയാറുണ്ടെങ്കിലും ഈ വീഴ്ച കഴിഞ്ഞ ഉടനെ പൂച്ച എഴുന്നേല്ക്കാതെ അല്പസമയം അവിടെത്തന്നെ കിടന്നതുകൊണ്ടു വീണതു നല്ല തഞ്ചത്തിലല്ലെന്നു അദ്ദേഹത്തിനു തോന്നി. പക്ഷെ ക്രമൻ ഉടനെ അതിന്റെ അടുക്കൽ എത്തി. പൂച്ച പിടഞ്ഞെഴുന്നേറ്റു. എങ്കിലും എന്തെങ്കിലും പ്രവൃത്തിക്കുന്നതിനു മുമ്പു ഊമൻ അതിനെ വീണ്ടും എടുത്തുപൊക്കി.

പൂച്ചയെ ഉള്ള ഘനംകൊണ്ടോ, പൂച്ചയുടെ പിടച്ചിൽകൊണ്ടോ, അതു പൂച്ചയെ കൊല്ലുവാൻ നല്ല സൂത്രമാണെന്നു അറിഞ്ഞിരുന്നതുകൊണ്ടോ മൂങ്ങ അതിനെ വീണ്ടും താഴത്തേക്കിട്ടു. ഈ പ്രാവശ്യം പൂച്ച ചത്തിട്ടില്ലെങ്കിൽ അതിന്നു നല്ല പരുക്കു പറ്റീട്ടുണ്ടാകുമെന്നു അദ്ദേഹത്തിന്നു തോന്നി. അദ്ദേഹം എന്നപ്പോലെ പ്രകൃതിശാസ്ത്രത്തിൽ അഭിരുചി ഉള്ള ഒരാളല്ലാതിരുന്നതിനാൽ ഇതിന്റെ അവസാനം എന്തായിരിക്കുമെന്നു അറിയുവാൻവേണ്ടി ക്ഷമിച്ചു നില്ക്കാതെ പൂച്ചയുടെ പേരിൽ ആർദ്രചിത്തനായിത്തീർന്നതുകൊണ്ടു ഓടിച്ചെന്നു അതിനെ എടുത്തുകൊണ്ടു പോന്നു.

ഈവക സംഭവങ്ങളിൽ അതിൽ അഭിരുചിയില്ലാത്തവർ നല്ലവണ്ണം ശ്രദ്ധവെച്ചു് മനസ്സിലാക്കുവാൻ ശ്രമിയ്ക്കാത്തതുകൊണ്ടു് അവർ സൂക്ഷ്മമായി ഗ്രഹിച്ചിരിയ്ക്കുവാൻ ഇടയില്ലാത്തതിനാൽ അവയെപ്പറ്റിയുള്ള അവരുടെ വിവരണം വളരെ വാസ്തവമായിരിയ്ക്കുമെന്നു് വിചാരിച്ചു് അതു് അടിസ്ഥാനമാക്കി ശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിയ്ക്കുന്നതു് ശരിയല്ലെന്നു് പറയുമായിരിയ്ക്കും. ഈ ആക്ഷേപം തീരെ തള്ളിക്കളയേണ്ടതല്ല. ഒരു ശാസ്ത്രചിന്തകർ എത്ര ശ്രദ്ധവെച്ചാലും മതിയായി എന്നു് തോന്നുകയില്ല. പക്ഷെ എന്റെ സ്നേഹിതൻ പറഞ്ഞതു് ഒരു കെട്ടുകഥയാണെന്നു് ഒരിക്കലും വിചാരിയ്ക്ക

വയ്യ. രാത്രി സമയത്ത് ഒരു പക്ഷി ഒരു പൂച്ചയെ എടുത്തു പറന്നതു് വാസ്തവമാണു്. നമ്മുടെ രാജ്യത്തു ഇതിനു തുണിയുള്ള ഒരു പക്ഷി ഊമനൊ, കാലൻകോഴിയൊ അല്ലാതെ ഇല്ലെന്നുള്ളതും വാസ്തവമാണു്. ഇതിൽ സംശയഗ്രസ്ഥമായിട്ടുള്ള ഒരു സംഗതി പൂച്ച ഇതു ക്ഷണത്തിൽ കീഴടങ്ങുന്ന ഒരു ജന്തുവാണൊ എന്നുള്ളതാണു്. പക്ഷെ അതിൽ ഒന്നുമാത്രമേ വിചാരിയ്ക്കാനുള്ളു. പൂച്ച പൂർണ വളച്ചു് എത്തിയതല്ല. പൂച്ചയും ഊമനുമായുള്ള പോരിന്റെ അവസാനഘട്ടമാണു് എന്റെ സ്നേഹിതൻ കണ്ടതു. ആദ്യത്തിൽ പൂച്ച ഊമനോടു പൊരുതിനിന്നിരിയ്ക്കും. ആ ഘട്ടത്തിൽ വിജയമേതിന്നെന്നു് തീച്ചയാക്കുവാനും പ്രയാസമായിരിയ്ക്കും. ഊമൻ പൂച്ചയെ കീഴടക്കിയതു് വെറും ഭാഗ്യംകൊണ്ടെന്നല്ലാതെ അവന്റെ പരാക്രമംകൊണ്ടു് മാത്രമല്ലെന്നു പോരിന്റെ ആദ്യവസാനം കണ്ടുനിന്നെങ്കിൽ ഗ്രഹിയ്ക്കുവാൻ സാധിച്ചിരുന്നു. എന്നുമാത്രമല്ല. ആ ഊമന്റെ അനന്തരജീവിതം അറിയുവാൻ സാധിച്ചെങ്കിൽ അവൻ അവിടെനിന്നു പോയതു് തീരെ പരുക്കേല്ക്കാതെയല്ലെന്നും മനസ്സിലാക്കാമായിരുന്നു. അതുകൊണ്ടു് എന്റെ സ്നേഹിതന്റെ കഥ വിശ്വാസയോഗ്യമാണു്. രണ്ടാം പുസ്തകത്തിൽ കൊടുത്ത കഥ ഇതിനെ അധികം ബലപ്പെടുത്തുന്നുമുണ്ടു്.

പഠിച്ചതു പയറാ

അവശം കഷ്ടപ്പെടുന്ന ഒരു മാതാവാണ്. മറ്റെല്ലാം പോകട്ടെ, സ്വന്തം കുട്ടികളെ ഒന്നാലിംഗനം ചെയ്യാൻ പാടില്ലെങ്കിൽ അതിലും വലിയ സങ്കടമെന്തുണ്ട്! തന്റെ കുട്ടിയെ ഒന്നു തലോടുവാൻ ക്രൂടി സൂക്ഷിച്ചിട്ടു വേണം—തലയിൽനിന്നു കീഴ് പോട്ടല്ലാതെ, മുവട്ടിൽനിന്നു മേലോട്ടു തടവിയാൽ ആപത്തായി!

കുട്ടികശംക്കാണെങ്കിൽ, അവക്കുമില്ല ഒരു സ്വാതന്ത്ര്യം. ഏതു കുട്ടിയാണ് അമ്മ കിടന്നുറങ്ങുമ്പോശം മേൽക്കിടന്നുരുളാതെ നോക്കിനില്ക്കുക! ദീർഘകണ്ടകയുടെ കുട്ടികശംമാത്രം അവളുടെമേൽ ചാടിക്കളിയ്ക്കാറില്ല, ചെവി പിടിച്ചു വലിയ്ക്കാറില്ല, വാൽ കടിച്ചു കുടയാറില്ല. അവശംക്ക് അതിനു വിരോധമുണ്ടായിട്ടല്ല—ഒരിയ്ക്കലുമല്ല! പാവം. ഇത്ര ശാന്തശീലയായ മാതാവു വേറെയില്ല! പക്ഷെ ഒരു വൈയ്യകതയുടെ കൊമ്പെടുത്തു കളിയ്ക്കുവാൻ ആരെങ്കിലും ശ്രമിയ്ക്കുമോ? മുള്ളൻ പന്നിയും അതിൽനിന്ന് ഒട്ടും വ്യത്യാസപ്പെട്ടതല്ല.

ചുരുക്കിപ്പറഞ്ഞാൽ, ആ കുടുംബത്തിൽ എല്ലാവരും തമ്മിൽത്തമ്മിൽ നല്ല മര്യാദ കാണിയ്ക്കാ

തെ നിവൃത്തിയില്ല. ഏതു കുടുംബത്തിലാണ് ഒരേ പ്രായത്തിലുള്ള മൂന്നു നാലു കുട്ടികളുണ്ടെങ്കിൽ ശണ്ഠ കൂടാതെ കഴിയുകയുള്ളു? ദീർഘകണ്ഠകയുടെ കുടുംബത്തിലല്ലാതെ എങ്ങുമില്ലെന്നു പറയാം. അവർ മാതൃകാശിശുക്കളാണു്. അതുകൊണ്ടു ചിലപ്പോഴും തമ്മിൽത്തമ്മിൽ വിരലുകടിച്ചു പൊട്ടിയ്ക്കാറില്ലെന്നോ, ശ്വാസംമുട്ടിച്ചു ചീറാറില്ലെന്നോ അർത്ഥമില്ല.

കുടുംബാംഗങ്ങളും തമ്മിലുള്ള ബന്ധം ഇതു ശിഥിലമായതിനാൽ, അവരെയെല്ലാം ഒന്നിച്ചു നിർത്തുന്നതുകൊണ്ടു കായ്മൊന്നുമില്ലെന്നുകണ്ടു ദീർഘകണ്ഠക കുട്ടികളെയെല്ലാം ശിശുക്കളായിരിയ്ക്കുമ്പോഴത്തന്നെ തന്നെത്താൻ പുലർത്തുവാൻ ശീലിപ്പിച്ചിട്ടുണ്ടു്. ഇതിനു പ്രയാസവുമില്ല. ഉളിപോലെ മൂർച്ചയുള്ള അവരുടെ പല്ലുകൾ വളരെ വേഗത്തിൽ വളരും. അവകൊണ്ടു കണ്ടതെല്ലാം കാരുന്നതു് അവക്കു് നല്ല നേരമ്പോക്കായിത്തോന്നി. ഇളയ വൃക്ഷങ്ങളുടെ തോലുകളും, മുളച്ചുവരുന്ന ചെടികളും, മറ്റു ചെടികളുടെ കിഴങ്ങുകളുമെല്ലാം അവക്കു് ഇഷ്ടമാണു്. അതുകൊണ്ടു അവക്കു് ഒരു കാലത്തും തീറ്റയ്ക്കു ക്ഷാമം വരില്ല. പോരെങ്കിൽ ദീർഘകണ്ഠകയുടെ വാസം മച്ചാട്ടുമലയുടെ അടിവാരത്തുള്ള ചില പാറക്കല്ലുകളുടെ ഇടയിൽ ഒരു മാളത്തിലാണു്. ഈ മല നിറയെ കുറിക്കാട്ടുകളാകയാൽ അ

വിടെ ഭക്ഷണം യഥേഷ്ടമാണ്. അതുകൊണ്ടു തൃപ്തിവരുന്നില്ലെങ്കിൽ നാലടി കീഴ്പോട്ടിറങ്ങിയാൽ മതി; എന്നാൽ മനുഷ്യരുടെ കൃഷിപ്രദേശങ്ങളായി. മരച്ചീനിയോ ചേമ്പോ ചേനയോ എന്തു വേണമെങ്കിലും ഒരു ക്ഷാമവുമില്ല. അതുകൊണ്ടു ദീർഘകണ്ടകൻ ഒരു ദിവസം മക്കളെയെല്ലാം മാളത്തിൽനിന്നു പുറത്തേയ്ക്കു വിളിച്ചു സവാരിയ്ക്കു പുറപ്പെട്ടു. സൂര്യൻ അസ്തമിച്ചിട്ടില്ല. ഉയർന്ന വൃക്ഷങ്ങളുടെ നീണ്ട നിഴലുകൾ അവിടവിടെ കിടന്നിരുന്നു. വികസിച്ചുതുടങ്ങിയ പുഷ്പങ്ങളിൽനിന്നു പ്രസരിയ്ക്കുന്ന ലഘുപരിമളം ദിക്കെല്ലാം പരന്നു. ഉച്ചനേരത്തെ ഊഷ്മാവു ശമിച്ചതിനാൽ ചെറുപൊന്തകളിൽ തണുപ്പു വീണുതുടങ്ങി. അവർ അവരെ കുറിക്കാട്ടുകളുടെ ഇടയിലുള്ള പല മാർഗ്ഗങ്ങളിലൂടെയും നടത്തി, മാളത്തിൽനിന്നു വളരെ ദൂരംപോയി. വാസ്തവത്തിൽ കുട്ടികൾക്കു മാളത്തിന്റെ സ്ഥാനംതന്നെ അറിയാത്ത നിലയായി. അവർ പല വഴികൾ ചേരുന്ന ഒരു പെരുവഴിയിലെത്തി. ആ പെരുവഴി കണ്ടു കുട്ടികൾ പകച്ചു നില്ക്കുമ്പോൾ, അവർ അവരറിയാതെ ഒരു കുറുക്കുവഴിയിലേയ്ക്ക് ഒഴിഞ്ഞുമാറി.

അമ്മയെ കാണാതായപ്പോൾ അവർ ആദ്യം ഒന്നമ്പരന്നു വട്ടംതിരിഞ്ഞു. പിന്നെ ഓരോരുത്തർ

ഓരോ വഴിയ്ക്കോടി. പക്ഷെ ആരും അവളെ കണ്ടില്ല, ക്രൂരം പിരിയുകയും ചെയ്തു.

എല്ലാവരിലുംവെച്ച് ഇളയവനായ ശല്യകൻ അതിസമർത്ഥനാണ്. അമ്മ അന്നു സവാരിയ്ക്കു വിളിച്ചപ്പോൾത്തന്നെ അതിലെന്തോ കളവുണ്ടെന്നു അവൻ ഊഹിച്ചു. അതുകൊണ്ട് അവൻ എപ്പോഴും അമ്മയെ കോങ്കണ്ണിട്ടു നോക്കിയിരുന്നു. ദീർഘകണ്ടകം ഒഴിഞ്ഞുമാറുന്നത് അവൻമാത്രം കണ്ടു. അവന്റെ സോദരസോദരിമാരെല്ലാം ഓരോ വഴിയ്ക്കു പോകുന്നതുവരെ അവൻ അനങ്ങാതെനിന്നു. എല്ലാവരും ദൂരെപ്പോയെന്നു കണ്ടപ്പോൾ അവൻ അമ്മപോയ വഴിയേ യാത്ര തുടർന്നു. വളരെ ദൂരം നടന്നു. പല കാട്ടുകളും കടന്നു. അമ്മയെ കണ്ടില്ലെങ്കിലും, അവർ മുമ്പിലുണ്ടെന്ന് അവനു ഗന്ധംകൊണ്ടു മനസ്സിലായി.

ആ ഗന്ധം ശക്തിയിൽ കിട്ടിയതുകൊണ്ട് അമ്മ അടുത്തുണ്ടെന്നും, തന്നെ വിട്ട് ഓടിപ്പോയതുകൊണ്ടു നേരിട്ടു ചെന്നാൽ അമ്മയ്ക്കു സുഖമാവില്ലെന്നും ഊഹിച്ച് അവൻ ഗതിയൊന്നു മന്ദമാക്കി. അതു വളരെ പറ്റിയ സമയത്തായി. ഒരടിക്കൂടി മുന്നോട്ടുവെച്ചാൽ, അവൻ ഒരു പൊന്തയുടെ അടിയിൽനിന്നു വെളിവിലായേനേ. അവിടെ പത്തടി

ദൂരത്തല്ലാതെ അവന്റെ അമ്മ നിന്നിരുന്നു. അവ ൾ സന്തോഷശീലയായിട്ടല്ല നില്ക്കുന്നത്. അവളുടെ മുള്ളുകളും രോമങ്ങളും എടുത്തുപിടിച്ചിരുന്നു. പിൻ ഭാഗം അവന്റെ നേരെയായതുകൊണ്ട് അവനോടു കോപിച്ചതല്ലെന്നു തീച്ചയാണു്. പിന്നെ ആരോ ടായിരിയ്ക്കും? ഹാ! എന്തു ഭയംകരജന്തു! അവന്റെ അമ്മയുടെ മുമ്പിൽ അധികം ദൂരത്തല്ലാതെ ഒരു വ രിയൻ നരി ഇരിയ്ക്കുന്നുണ്ട്.

നരിയുടെ കണ്ണുകൾ ഏകാഗ്രമാണു്. അതി ൽനിന്നു തീ ചിതറുന്നതുപോലെ തോന്നി. നീണ്ട മീശകൾ ഇടയ്ക്കു വിറയ്ക്കുന്നുണ്ട്. ഇടത്തു കൈ മു ന്നോട്ടു നീട്ടി നിലത്തു പതിച്ചുവെച്ചിട്ടുണ്ട്; വലത്തു കൈ മടക്കിവെച്ചിരിക്കുന്നു. ഇടത്തുകാൽ നിലത്തു പതിഞ്ഞുകിടക്കുന്ന വയറിന്നടിയിലേയ്ക്കു ചുരുക്കി വെയ്ക്കുകയും, വലത്തുകാൽ പിന്നോക്കം നീട്ടുകയും ചെയ്തിരിയ്ക്കുന്നു. നീണ്ടുകിടക്കുന്ന വാലിന്റെ തല പത്തുക്കെ പിടയ്ക്കുന്നുണ്ട്. മാംസപേശികൾ വിറ ങ്ങലിച്ചിരിയ്ക്കുന്നു. അവന്റെ മഞ്ഞശ്ശരീരത്തിലു ള്ള ക്രൂരമായ കരിംപാണ്ടുകൾ കണ്ടപ്പോൾത്തന്നെ ശല്പകന്റെ ഉള്ളിൽ ഒരു വിറയൽ തോന്നി. കണ്ണു കൾ താനേ അടഞ്ഞുപോയി. വീണ്ടും നോക്കിയ പ്പോഴും ആ സത്വം അവിടെത്തന്നെ ഇരിയ്ക്കുന്നുണ്ട്. അവിടെത്തന്നെയോ! അല്പം മുന്നോട്ടു നീങ്ങിയിരി

യ്ക്കുന്നുവെന്നു ശല്യകനു തോന്നി. നില അതുതന്നെ യാണെങ്കിലും അല്പം വ്യത്യാസമുണ്ട്. മുമ്പിലേയ്ക്കു വെച്ചിരുന്ന കയ്യും കാലും പിന്നിലും പിന്നിലായിരുന്നവ മുന്നിലുമായിരിയ്ക്കുന്നു. ഈ ശങ്ക തീരുമ്പോഴേയ്ക്കും, അവൻ പിന്നിലെ കാൽ മുന്നോട്ടു വലിച്ചു മത്തി, ചാടി, ശല്യകന്റെ അമ്മയുടെ മേൽ വീണു. നരി അമ്മയുടെ മേൽ വീഴുന്നതിനുമുമ്പ് അവൾ പെട്ടെന്നു പിൻതിരിയുന്നതു ശല്യകൻ കണ്ടു. ഓടുവാനാണെന്നാണ് അവൻ വിചാരിച്ചത്. പക്ഷെ അതിനുമുമ്പു നരി മേൽ വീഴുന്നതും അമ്മ എന്തോ ചെയ്യുന്നതും അവൻ കണ്ടു. നരി പല്ലിളിച്ചു ഭയങ്കരമായി ഒന്നു ഗർജ്ജിച്ചു. തല നിലത്തു കുത്തി ഒന്നു മറിഞ്ഞു. നട്ടുവിട്ടു പിടച്ചു തുള്ളിയെഴുനേറ്റു, തല നിലത്തുരച്ചു വീണ്ടും മറിഞ്ഞുവീണു. ശല്യകൻ അമ്പരന്നു നോക്കിക്കൊണ്ടുനിന്നു. ആ നരി വളരെ നേരം ഇങ്ങിനെ തുള്ളിക്കളിച്ചതിനുശേഷം തല ഉയർത്തിപ്പിടിച്ചു നാലു പുറവും നോക്കി. അപ്പോഴാണ് ശല്യകനു കാര്യം മനസ്സിലായത്. നരിയുടെ മുഖത്തു നാലഞ്ചു മുള്ളുകൾ തറച്ചുനിന്നിരുന്നു. വെളുത്ത മുള്ളുകളിൽ കറുത്ത കെട്ടുകൾ കാണുകയാൽ, അവ തന്റെ അമ്മയുടെ ദേഹത്തിലുണ്ടായിരുന്നവയാണെന്ന് അവനു മനസ്സിലായി. നരി കൈകൊണ്ടു മുഖം തടവിക്കൊണ്ടിരുന്നു.

നരിയുടെ ക്രൂത്താട്ടത്തിന്നിടയിൽ ശല്പകൻ അമ്മയുടെ കായ്മെല്ലാം മറന്നിരുന്നു. ഇപ്പോഴാണ് അവനു വീണ്ടും അതോർമ്മവന്നത്. അവൻ നാലുപുറവും നോക്കി. അമ്മ അവിടെയെങ്ങുമില്ല. അവശം തന്നെച്ചതിച്ചുനടന്നിരിയ്ക്കുന്നു എന്നു മനസ്സിലായപ്പോൾ അവൻ പൊന്തയുടെ ഉള്ളിലേയ്ക്കുതന്നെ വലിഞ്ഞു, ശബ്ദമുണ്ടാക്കാതെ അതിനുള്ളിലൂടേ നടന്നു.

മുഖം തടവിക്കൊണ്ടിരുന്ന നരിയുടെ കൈ ഒരു മുള്ളിൽ അബദ്ധത്തിലൊന്നു ശക്തിയിൽ തട്ടി. ശിരസ്സിലേയ്ക്കു പാഞ്ഞുകയറിയ വേദന സഹിയ്ക്കുവയ്യാതെ അവൻ കഠിനമായി ഗർജ്ജിച്ചു, അവിടെനിന്നെഴുനേറ്റു പാഞ്ഞുപോയി.

നരിയുടെ ഗർജ്ജനം കേട്ട ശല്പകൻ പേടിച്ചുവിറച്ചു. പക്ഷേ ഉടനെ നരി ആ വഴിയ്ക്ക് ഓടിപ്പോകുന്നതു കണ്ടപ്പോൾ അല്പം ആശ്വാസമായി. അവൻ അമ്മയെ തിരഞ്ഞുപിടിയ്ക്കുവാൻ അവിടെയെല്ലാം വളരെ നേരം ചുറ്റിത്തിരിഞ്ഞു. ഗന്ധംകൂടി കിട്ടാഞ്ഞതുകൊണ്ട് ഭഗ്നാശയനായി മുമ്പിൽക്കണ്ട വഴിയേ നടന്നു. കുറച്ചു ദൂരം ചെന്നപ്പോൾ, കുറിക്കാട്ടകളുടെ അടിയിലുള്ള ഇരുളിൽനിന്നു നല്ല പ്രകാശമുള്ള ഒരു വെളിമ്പ്രദേശത്തെത്തി. അതിന്റെ മദ്ധ്യഭാഗത്ത് ഒരു വേലിയും അതിന്നപ്പുറത്തു

നില്ക്കുന്ന ചെടികളുടെ തലയും അവൻ കണ്ടു. ആ സസ്യംഹീനമായ സ്ഥലത്തു നിന്നാൽ ശത്രുക്കൾക്കു തന്നെക്കാണുവാൻ എളുപ്പമാണെന്നു വിചാരിച്ച് ഒരോട്ടത്തിനു വേലിയ്ക്കരികിലെത്തി. വേലി തൊട്ടു കുറച്ചു നടന്നപ്പോൾ അതിൽ ഒരു ചെറിയ പഴുതു കണ്ടു. ആ ദ്വാരത്തിലൂടേ മറുപുറത്തേയ്ക്കു കടന്നപ്പോൾ അവനു സ്ഥലം മനസ്സിലായി. അത് ഒരു മരച്ചീനിത്തോട്ടമാണ്; ഒരിയ്ക്കൽ അവന്റെ അമ്മ അവനേയും കൂടപ്പിറവികളേയുംകൊണ്ട് ഈ സ്ഥലത്തു് വരികയുണ്ടായി. അന്നവർ ഈ ചെടികളുടെ അടിയിൽ മാന്തി വണ്ണമുള്ള വേരുകൾ അവർക്കു കാണിച്ചുകൊടുക്കുകയും അവരതു കുറെ തിന്നുകയും ചെയ്തിട്ടുണ്ട്. അന്നതു വളരെ സ്വാദുള്ളതായിട്ടാണു് അവനനുഭവപ്പെട്ടത്. ആ ഓർമ്മ വന്നപ്പോഴാണു്, താൻ ഭക്ഷണം കഴിച്ചിട്ടു വളരെ നേരമായെന്നു് അവനു തോന്നിയതു്. നരിയുടെ ആശ്ചര്യചേഷ്ടകൾ കണ്ട് അത്ഭുതപ്പെട്ടു നിന്നതിനാലും, അമ്മയെക്കാണാതായപ്പോൾ പരിഭ്രമിച്ചു് ഓടി നടന്നതിനാലും അവൻ വിശപ്പറിഞ്ഞിരുന്നില്ല. ഇപ്പോൾ ആവിശപ്പെല്ലാം കൂട്ടിയെടുത്തു. അമ്മ അന്നു ചെയ്ത മാതിരി മരച്ചീനിയുടെ കിഴങ്ങു കണ്ടുപിടിയ്ക്കുവാൻ ശ്രമിയ്ക്കുതന്നെ എന്നു തീച്ചയാക്കി. ഒരു ചെടിയുടെ അടിയിൽച്ചെന്നു മാന്തിത്തുടങ്ങി. കുറച്ചു

മാന്തിയപ്പോൾ ഒരു വണ്ണമുള്ള വേർ കണ്ടെത്തി. അതിന്റെ തോൽ അടർത്തിക്കളഞ്ഞു കരണ്ടതിന്നു.

ഇതു സ്വാദുള്ള മറെറാരു സാധനം താൻ മുമ്പു തിന്നിട്ടുള്ളതായി അവന്നോർമ്മയില്ല. അവന്റെ ഉറപ്പുള്ള പല്ലിന്നു് അതു കാന്നെടുക്കുന്നതു രസകരമായിത്തോന്നി. അവൻ ലോകത്തിലുള്ള മറെറാ കായ്ങ്ങളെല്ലാം മറന്നു.

പച്ചമരച്ചീനിക്കിഴങ്ങിൽ കാരുമ്പോൾ ഉണ്ടാകുന്ന കരകരശബ്ദം മൃദുവാണെങ്കിലും, വൃശ്ചികമാസത്തിലെ ആർദ്രവായുവിൽ വളരെ ദൂരേകേട്ടിരുന്നു. വെളിമ്പറമ്പിൽ ചാടിനടന്ന ചികിടുകളെ പിടിച്ചിരുന്ന ഒരു കുറുക്കൻ അതുകേട്ടു.

ഭ്രൂരിമായൻ ഒരു ഭംഗിയുള്ള കുറുക്കനാണു്. അവന്റെ അഞ്ജനമെഴുതിയ ജീവസ്സുള്ള കണ്ണുകളും, ചുവന്ന രോമവും, നീണ്ടു തടിച്ച വാലും, ഒതുങ്ങിയ ശരീരവും, നീണ്ടകാലുകളും കണ്ടാൽ, അവൻ യൌവനദശയിലേയ്ക്കു കാലെടുത്തുവെച്ചതു് അടുത്ത കാലത്താണെന്നു തോന്നും. സൂര്യനസ്തമിയ്ക്കാറായപ്പോൾ അവൻ അടുത്തുള്ള ഒരു മാളത്തിൽനിന്നു പുറത്തുവന്നതാണു്. ചികിടുകളെ പിടിച്ചിരുന്നതു വെറും നേരമ്പോക്കിനുവേണ്ടിയാണെങ്കിലും അവ സ്വാദുള്ളവയുമാണു്. ഈ ശബ്ദം കേട്ടപ്പോൾ അവൻ

കളിയെല്ലാം നിത്തി. അവന്റെ സമത്ഥമായ കണ്ണുകൾ നല്ലവണ്ണം തുറന്നു. ഉടനേ ചില കളവു കരുതി അവയെ ചുരുക്കി. ക്രുത്തു ചെവികളെ നെട്ടനെപ്പിടിച്ചു്, ആ അപരിചിതശബ്ദത്തിലേയ്ക്കു ശ്രദ്ധ പതിപ്പിച്ചപ്പോൾ, അവന്റെ ക്രുത്തു കറുത്ത മൂക്കു് അന്വേഷണസൂചകമായി ചുളിഞ്ഞു. ആ ശബ്ദത്തിന്റെ ഉല്പത്തിഹേതു ആരാണെന്നു് ആരാഞ്ഞറിവാൻ തീച്ചപ്പെടുത്തി. താൻ ചെയ്യുന്ന പ്രവൃത്തികളൊന്നും ലോകത്തെ അറിയിയ്ക്കുന്നതു തന്റെ സ്വഭാവമല്ലാത്തതുകൊണ്ടു്, അവൻ ഒരു നിഴൽപോലെ ശബ്ദമുണ്ടാക്കാതെ ആ വേലിയ്ക്കരികിൽ എത്തി. ഒരു പഴുതിലൂടേ എത്തിനോക്കിയപ്പോൾ ഒരു ജന്തു അവിടെയിരുന്നു് എന്തോ കരണ്ടുതിന്നുന്നതു കണ്ടു. അവനു ലോകപരിചയം വേണ്ടുവോളം സിദ്ധിച്ചുകഴിഞ്ഞിട്ടില്ല. മുള്ളൻപന്നിയെ അവൻ അതിനുമുമ്പു കണ്ടിട്ടില്ല. അതു് ഒരെലിയെപ്പോലിരിക്കുന്നു. തന്നെക്കാൾ വളരെ ചെറുതാണെന്നതിൽ സംശയമില്ല. ഒരുപക്ഷേ ചികിടുകളെക്കാൾ തിന്നാനധികം നല്ലതായിരിയ്ക്കുവാനും മതി. സന്ദേഹങ്ങൾ തീർക്കാതെ വിട്ടുകളയുന്നതു തന്റെ പതിവല്ല. അതുകൊണ്ടു് അപ്പുറത്തു കടക്കുവാനൊരുച്ചു. അതിനു് ഒരു പ്രയാസവുമുണ്ടായില്ല; ശല്ലകൻ തിരഞ്ഞുപിടിച്ച ന്തത്ത, ഭ്രരിമായനു സുപരിചിതമാ

ണ്ട്. അതിലൂടേ കുനിഞ്ഞുകടന്നു. അവന്റെ ആ ദ്യത്തെ വിചാരം പളുങ്ങിച്ചെന്ന് അവനെ പിടിയ്ക്കാമെന്നായിരുന്നു. പക്ഷെ, അതു വേണ്ട! ആ അപരിചിതന്റെ നില കണ്ടാൽ അവന്ന് ഒരു ക്ഷ സലില്ലായ്മ തോന്നുന്നുണ്ട്. അതുകൊണ്ടു ഭ്രരിമായൻ വിശങ്കിതനായി മെല്ലെമെല്ലെ അടുക്കലേക്കു നീങ്ങീ, ചാടത്തക്ക ദൂരത്തെത്തി. പക്ഷെ ചാടിപ്പിടിയ്ക്കുന്നതിന്നുപകരം ശല്പകന്റെ പിന്നിലിരുന്ന്, ആലോചിച്ചുറയ്ക്കുവാൻ തീച്ചയാക്കി.

ശല്പകൻ അന്യചിന്തയില്ലാതെ കരണ്ടുതിന്നുകയായിരുന്നെങ്കിലും, തല അങ്ങോട്ടുമിങ്ങോട്ടും ചെരിച്ചു നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നു ഭ്രരിമായൻ തന്റെ പിന്നിലിരിയ്ക്കുന്നത് അവന്റെ കണ്ണിൽപെട്ടു. ഉടനേ അവന്റെ മുള്ളുകളും വിറങ്ങലിച്ചു. അവൻ തീറ്റ നിർത്തുവാൻ ഒരുക്കമായിരുന്നില്ല. ഭ്രരിമായനാണെങ്കിൽ ഒന്നു ഞെട്ടി. ഒരു പെരുച്ചാഴിയുടെ വലിപ്പം മാത്രമുണ്ടായിരുന്ന കരിന്തവിട്ടുനിറത്തിലുള്ള ആ ജന്തു പെട്ടെന്നു തന്നോളം വലിപ്പമുള്ളതായി. രോമത്തിന്നിടയിൽനിന്നു കറുത്തും വെളുത്തുമുള്ള മുള്ളുകളും നിവർന്നുനിന്നതുകൊണ്ട് അവൻ ചാരനിറത്തിലാവുകയുംചെയ്തു.

ചാടിപ്പിടിച്ചെങ്കിൽ താൻ വലിയ അബദ്ധത്തിലായിപ്പോയിരുന്നു എന്നു ഭ്രരിമായന്നു മനസ്സി

ലായി. ഒരുപക്ഷെ ഈ ജന്തു തിന്നാൻ കൊള്ളരുതാത്തതായിരിയ്ക്കാം! ഏതായാലും അവൻ കുറച്ചുകൂടി അടുത്തു ചെന്നു. ജിജ്ഞാസ സഹിയ്ക്കുവയ്യാതെ അവേക്ഷയോടുകൂടി ചുറുചുറുപാടും ഒന്നു നടന്നു. ശല്യകൻ തിരക്കിട്ടു കരളുകതന്നെയാണ്. പക്ഷെ അവന്റെ സൂക്ഷ്മതയുള്ള കണ്ണുകൾ ആ അപകടക്കാരന്റെ എല്ലാ ചലനങ്ങളേയും പിൻതുടർന്നിരുന്നു.

കരളുന്നതിന്നിടയിൽ അവന്റെ മനസ്സും പ്രവർത്തിച്ചിരുന്നു. തന്റെ അമ്മ ആ നരിയെ എങ്ങിനെയാണ് ശിക്ഷിച്ചത്? എത്ര വേഗത്തിലാണ് അതുണ്ടായത്! അവന്നു നല്ലവണ്ണം മനസ്സിലാക്കുവാൻസാധിച്ചില്ല. അവൾ പിൻതിരിഞ്ഞു പിന്നോക്കം അടി വെയ്ക്കുന്നത് അവൻ കണ്ടിരിയ്ക്കുന്നു. പക്ഷെ പുറംകൊണ്ടു തള്ളുകയോ, വാലുകൊണ്ടടിയ്ക്കുകയോ ഏതാണുണ്ടായതെന്ന് അവൻ കണ്ടില്ല. നരിയുടെ മുഖത്തു വലിയ മുള്ളുകളും ചെറിയ മുള്ളുകളും തറച്ചിരുന്നു. അതുകൊണ്ടു രണ്ടും ചെയ്തിരിയ്ക്കാമെന്നാണ് ഊഹിയ്ക്കേണ്ടത്. ഒന്നുമാത്രം സൂക്ഷിയ്ക്കാനുണ്ട്. തന്റെ വയർ ശത്രുവിന്റെ കയ്യിൽപ്പെടാതെ നോക്കണം. അവന്റെ അമ്മ ചിലപ്പോൾ അവനെ ശിക്ഷിച്ചിട്ടുണ്ട്; അതെല്ലാം അവന്റെ വയറത്താണ്. അവിടെ മുള്ളുകളൊന്നുമില്ലാത്തതുകൊണ്ടു ശിക്ഷിയ്ക്കുന്നവർക്കപ്രയാസമില്ല. അവന്നു നല്ല വേദനയുമു

ണ്ടാകും. ആ ഭാഗം പുറത്തുകാണാതെ വെയ്ക്കുവാൻ അവൻ അന്നുതന്നെ പഠിച്ചിട്ടുമുണ്ട്. അമ്മ കോപിച്ചിരിയ്ക്കുന്നു എന്നു മനസ്സിലായാൽ, അവൻ കൈകാലുകളും തലയും മുരുട്ടി, മലത്തിയിട്ടാൽ ഉടനേ ഉരുണ്ടു കമിഴ്ന്നു കിടക്കുവാൻ പരിചയിച്ചിട്ടുണ്ട്.

ഈ ചിന്തകൾക്കിടയിൽ ഭ്രരിമായൻ വളരെ അടുത്തെത്തി. അവൻ മുണ്ടുകൾ മുരുട്ടി, നീണ്ടു ക്രുത്ത പല്ലുകൾ പുറത്തു കാണിച്ചിരുന്നു. സൂക്ഷിച്ചു നില്ക്കേണ്ട സമയമാണെന്നു ശല്പകനുതോന്നി. ചിന്തകളെല്ലാം അവസാനിപ്പിച്ചു, കുരുണ്ടു തിന്നൽനിത്തി, ആ മരച്ചീനിയുടെ ഇടയിൽനിന്നു പിന്നോക്കം നീങ്ങി, മൂക്കു മുൻകാലുകളുടെ ഇടയിലേയ്ക്കു തിരുകി. മുള്ളുകൾ നെട്ടനെപ്പിടിച്ചു, ശരീരം വിറങ്ങലിപ്പിച്ചുനിന്നു.

ഇതു കണ്ടപ്പോൾ ഭ്രരിമായൻ വളരെ അത്ഭുതപ്പെട്ടു. പക്ഷെ ആ അസാധാരണജന്തു കോപിച്ചു യുദ്ധത്തിനു വരാത്തതുകൊണ്ട് അവനു ധൈര്യക്കുറവു തോന്നിയില്ല. ഒരു പിടുത്തംകിട്ടുവാൻ പറ്റിയ ഭാഗമേതാണെന്നു നോക്കുവാൻ അവൻ ആ മുൾക്കൊട്ടിനു ചുറും മെല്ലെ നടന്നു. അപ്പോൾ ശല്പകന്റെ ചെറിയ വാൽ കണ്ടെത്തി. അതിൽ കടിച്ചുകടഞ്ഞാൽ കാര്യം പറ്റുമെന്നു തോന്നി. ഒന്നു

പരീക്ഷിച്ചുനോക്കാമെന്നു തീച്ചയാക്കി. മൂക്കു നീട്ടി ഒന്നു നാറി നോക്കി. ഉടനെ അവൻ വിചാരിച്ചു തിലധികം അവന്നു മനസ്സിലായി. ശല്യകൻ മിന്നല്പിണർ വേഗത്തിൽ ആ കറവിവാൽ ചരിച്ചു ശക്തിയോടുകൂടി അടിച്ചു. അതു ഭ്രരിമായന്റെ മൂക്കിന്നുതന്നെകൊണ്ടു. അവന്റെ മൂക്കത്തു കറുത്തു വെളുത്ത അനവധി മീശകൾ വളന്നുവന്നമാതിരിയിലായി.

ചെവി തുളയ്ക്കുന്ന സ്വരത്തിൽ ഒന്നു നിലവിളിച്ചു ഭ്രരിമായൻ പിന്നോക്കം മറിഞ്ഞുവീണു. മൂക്കു ചുട്ടുനീറിയ്ക്കുന്ന ആ ശലാകകളെ ചവിട്ടി വലിച്ചുനോക്കി. കിട്ടായ്കയാൽ എഴുനേറ്റു വേലിയ്ക്കിടയിൽ ഒഴിവുള്ള ഒരു ഭാഗത്തുടേ ചാടിക്കടന്നു. കുറ്റിനിൽക്കുട്ടം പിന്നിലുണ്ടായാലെന്നപോലെ പാഞ്ഞു് ആ വെളിമ്പ്രദേശം കടന്നു, കാട്ടിനുള്ളിലേയ്ക്കു മറഞ്ഞു.

ഭ്രരിമായൻ ആ നരിയെപ്പോലെ ഒരു വിഡ്ഢിയല്ല. മൂക്കു നിലത്തിട്ടുരച്ചാൽ മുള്ളു് അധികം ഉള്ളിലേയ്ക്കു കയറുമെന്നു് അവന്നറിയാം. അതു വലിച്ചെടുക്കുവാൻ ഉറപ്പുള്ള ഒരു സ്ഥലമന്വേഷിച്ചാണു് ഓടിയതു്. താമസിയാതെ ഒരു കരിങ്കല്ലാറ കണ്ടെത്തി. അതിന്റെ മീതേകിടന്നു് മൂക്കു് പാറമേൽവെച്ചു, മുള്ളിൻകട കാൽകൊണ്ടു ചവിട്ടിയമ

ത്തി മിക്കതും വലിച്ചെടുത്തു. കിട്ടാത്തതു മുറിച്ചുകള
ഞ്ഞു. ഇതെല്ലാം ചെയ്യുമ്പോൾ കഠിനവേദന അ
നുഭവിക്കേണ്ടിവന്നു. അതിനുശേഷം ഒരു പോല
യിൽച്ചെന്നു ധാരാളം വെള്ളം കുടിച്ചു് അതിനു
രികത്തുള്ള ഒരു മാളത്തിൽ കിടന്നു. വളരെ ദിവ
സത്തേയ്ക്കു ഭക്ഷണമൊന്നും കഴിച്ചില്ല. ഇടയ്ക്കു
വെള്ളം മാത്രം കുടിയ്ക്കും. മൂക്കു നീരു വന്നു വീർത്തു
പിലപ്പോൾ അതു് എരിഞ്ഞുകത്തും. അപ്പോൾ അ
വൻ ഞെരങ്ങിനിലവിളിച്ചു് എഴുന്നേറ്റ് ഓടിച്ചെ
ന്നു മൂക്കു വെള്ളത്തിനുള്ളിലേയ്ക്കു തിരുകി വളരെ നേ
രംകിടക്കും. കുറച്ചാശ്വാസമായാൽ എഴുന്നേറ്റു പോ
രും. അല്പദിവസംകൊണ്ടു മുറി പഴുത്തു മുള്ളുകൾ താ
നേ നീങ്ങിത്തുളഞ്ഞു വായിലേയ്ക്കു വീണു. നീർക്കു
മേണ വാൻപോയി. അവന്നു പൂർണ്ണസുഖംകിട്ടി. അ
തിനുശേഷം അവൻ നല്ല ബുദ്ധിമാനായി. ഒരു മുള്ള
ൻപന്നിയെ വഴിയിലെങ്ങാനും കണ്ടാൽ അവൻ മ
റേറ ഭാഗത്തേയ്ക്കു തലതിരിച്ചു് അതിനെ കണ്ട ഭാ
വം നടിയ്ക്കാതെ കടന്നു പോവുക പതിവാക്കി.

നമ്മുടെ ശല്യകന്റെ കഥ മറന്നുപോയി. അ
വൻ കുറുക്കനെ അടിച്ചതിനുശേഷം ഒരു മിനിട്ടു
കഴിഞ്ഞു തല പൊക്കി നാലു പുറവും നോക്കി. ഭ്രൂരി
മായൻ മുഖത്തുനിന്നു് എന്തോ വലിച്ചെടുക്കുവാൻ
ശ്രമിക്കുന്നതു കണ്ടു. പക്ഷെ അതിൽ തനിയ്ക്കു

രസമൊന്നും തോന്നായ്കയാൽ മരച്ചീനിയുടെ അടിയിലേയ്ക്കു തന്നെ നീങ്ങി. കാൺതിന്നിരുന്ന വേർ മുഴുവനാക്കി. വിശപ്പെല്ലാം മാറിയതുകൊണ്ട് അവിടെനിന്നു പുറപ്പെട്ട്, വന്ന വഴിയേ പുറത്തു കടന്ന്, വെളിമ്പ്രദേശം ഓടിക്കയറി, കുറിക്കാട്ടിനുള്ളിലേയ്ക്കു കടന്ന്, ഒരു കല്ലിന്നടിയിൽ കണ്ട കുഴിയിൽ മുരുണ്ടുകിടന്നു, സുഖമായുറങ്ങി.

ഉദ്രരാജന്റെ കുടുംബജീവിതം

ആറര വേനല്ക്കാലം. അസ്തമനം ആയിക്കഴിഞ്ഞു. പൂർണ്ണചന്ദ്രൻ പ്രകാശിച്ചുപൊന്തിനില്ക്കുന്നു. വൃക്ഷങ്ങളും വേലികളും വെള്ളിപ്പൂനിലാവിൽ വ്യക്തമായി കാണായി. മണ്ണാത്തിപ്പുള്ള് മധുരമായി പാടുന്നു. ഒരു കാട്ടിലി കുന്തിച്ചിരുന്നു തുറിച്ച കണ്ണുകളെക്കൊണ്ടു നാലുപുറവും നോക്കുന്നു. ഒരു വെളുത്ത കമ്പിളിപ്പാറ ചെറിയ ചിറകുകളെ അതിവേഗത്തിലടിച്ചു മന്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പാറിക്കളിയ്ക്കുന്നു. ഒരു വാവൽ വെള്ളത്തിന്മീതെ മുറിച്ചുപറന്നുകൊണ്ടു വെള്ളം കോരിക്കുടിച്ചു. നദിയിലെ വെള്ളം ശാന്തമായി തിളങ്ങിക്കിടന്നു. ആ വെള്ളത്തിൽ ചില കുമിളകൾ പൊന്തി ഒരു വരിയായൊഴുകി. ഒരു ചട്ടിത്തല വെള്ളം വകഞ്ഞുപൊന്തി. അവൻ വായ തുറന്നു വ്യക്തമായ ഒരു ചൂക്കവിളിച്ചു. അതു ചുറ്റുമുള്ള പ്രശാന്തതയിൽ മാറ്റൊലിക്കൊണ്ടു.

ബ്ലാന്തോട്ടുപ്പാലത്തിന്റെ മേൽഭാഗത്തു വെച്ചു പുഴ വളഞ്ഞൊഴുകുന്നതിനാൽ അതിന്റെ മുകളിൽനിന്നു മണ്ണു കുത്തിയൊലിച്ചുപോയി, അവിടം വേനല്ക്കാലത്ത് ഒരഗാധസ്ഥലമായിത്തീരുക പ

തിവാണ്. അതിന്റെ തീരത്തുള്ള പാറക്കെട്ടുകൾ ക്കിടയിൽനിന്നു മുളച്ചുപൊന്തിയ ഒരു വൃക്ഷത്തി ന്റെ കെട്ടിപ്പിണഞ്ഞ വേരുകൾക്കു ള്ളിൽക്കാണുന്ന ഒരു പൊത്തിൽ ഒരു നീർനായത്തരുണി കിടക്കുന്നു ണ്ട്; അവളെ കിടയ്ക്കയാക്കി മൂന്നു കുട്ടികളുംകിടക്കുന്നു ണ്ടു. അവൾ വെള്ളത്തിൽനിന്നു ആ വിളികേട്ടപ്പോൾ തലതിരിച്ച് അതിലേയ്ക്കു നോക്കി. ഉടനെ തല പൊക്കി വളച്ചു കുട്ടികളെയും നോക്കി, തല ചായ്ച് അവിടെത്തന്നെ കിടന്നു.

വെള്ളത്തിൽ പൊന്തിക്കിടക്കുന്ന നീർനായ ഒന്നുകൂടി ഉച്ചത്തിൽവിളിച്ചു. ആ വിളിയിൽ അ ല്പം ഈർഷ്യയും പരിതാപവും ഇടകലർന്നിരുന്നു. അവ ൻ മൂന്നടി നീളത്തിൽ ഒട്ടും കുറയാത്ത ഒത്ത വലി പ്പത്തിലുള്ള ഒരു നായയാണ്. അടുത്ത കൊല്ലത്തി ലാണ് വിവാഹം കഴിച്ചു ഗൃഹസ്ഥനായി ഈ മാളം സ്വഭവനമാക്കിയത്. സ്വപത്നിയെ വിളിച്ചപ്പോൾ ഉടനേ അവൾ അടുത്തു വരാഞ്ഞതിനാൽ അ വന്നല്പം കോപം വന്നതിൽ അദ്ഭുതമില്ല. അവ ന്റെ വിവാഹം അത്ര സംഭവബഹുലമായിരുന്നു. ശ്വേതകണ്ഠി അന്ന് ആ സമുദായത്തിലുള്ള കന്യക മാരിൽ വെച്ച് ഏറ്റവും സുന്ദരിയായിരുന്നു. അവ ന്റെ ഹൃദയം അവളിൽ അനുരഞ്ജിച്ചുപോകയാൽ അവൾക്കുവേണ്ടി മരിയ്ക്കുവാൻക്രടി അവൻ തയ്യാ

റായി. അവളാണെങ്കിൽ ഒരു വിലാസവതിയാക കൊണ്ട് അടുത്തുവരുന്ന കാമുകന്മാരെയെല്ലാം ഒരു പോലെ കടാക്ഷിച്ചിരുന്നു. ഇത്, ഉദ്ദരാജനെ അസൂയാകലുഷിതനാക്കി. ഒരു ദിവസം അവളെ പ്രസാദിപ്പിയ്ക്കുവാൻ ശ്രമിച്ചുകൊണ്ട് അടുത്തുകൂടിയിരുന്ന ഒരു പെരുന്തോക്കനെ അവൻ കടിച്ചുമറിച്ചു. രണ്ടുപേരുംകൂടി ഒരു ഭയങ്കരയുദ്ധം നടത്തി. ഉദ്ദരാജൻ ശത്രുവിനെ പരാജിതനാക്കി. യുദ്ധം കണ്ടു നിന്നിരുന്ന യുവാക്കന്മാരിൽ ഒന്നുരണ്ടു പേർകൂടി ഉദ്ദനോടു ചെറുത്തു. പക്ഷെ അവൻ എല്ലാവരേയും ആട്ടിയോടിച്ചു, ശ്വേതകണ്ഠിയെ കൂട്ടിക്കൊണ്ടുപോന്നു. അനന്തരമുള്ള ജീവിതം ആനന്ദതുന്ദിലമായിരുന്നു. അന്നവക്ക് ഭവനമുണ്ടായിരുന്നില്ല. ഭവനത്തിന്റെ ആവശ്യവുമുണ്ടായിരുന്നില്ല. മിയ്ക്കസമയവും വെള്ളത്തിൽ ക്രീഡിച്ചുതന്നെയാണ് കഴിച്ചുവന്നത്. അവൻ മത്സ്യങ്ങളെ ആട്ടി അവളുടെ മുമ്പിലേയ്ക്കു ചാടിയ്ക്കും. അവൾ ഒന്നിനെ കടന്നുപിടിച്ചു മുതുകു കടിച്ചെടുത്തു ബാക്കി വലിച്ചെറിയും. അവർ തമ്മിൽ കടിച്ചും മാന്തിയും, ചാടിയും മറിഞ്ഞും, തള്ളിക്കളിച്ചും നീന്തിപ്പിടിച്ചും ഭയങ്കരപ്പോരാട്ടമാണെന്നു നടിച്ചു കളിയ്ക്കും. ക്ഷീണിച്ചു വിശ്രമമെടുക്കേണമെന്നു തോന്നിയാൽ അടുത്തുകണ്ട പൊത്തിലോ വിളുമ്പിലോ കയറിക്കിടക്കും.

പക്ഷെ എത്ര വേഗമാണ് ഈ ജീവിതം കഴിഞ്ഞുപോയത്! അവർ ഒരു ദിവസം ജന്മഭൂമിയിൽനിന്നും പുറപ്പെട്ടു. രാത്രിതോറും എട്ടും പത്തും നാഴിക നടന്നു. മത്സ്യം സുലഭമായ പലഹ്റദങ്ങളിലും അഞ്ചും ആറും ദിവസം താമസിച്ചു. അനേകദൂരം സഞ്ചരിച്ച് ബ്ലാന്തോംപുഴയിലെത്തി. അവിടെയും നാലഞ്ചു ദിവസം താമസിച്ചപ്പോൾ ഉദ്യന്ന പര്യടനഭ്രാന്തിളകി, പത്നിയെ വിളിച്ചു. പക്ഷെ അവൾ അവിടം വിട്ടുവാൻ തയ്യാറായിരുന്നില്ല. എന്നുമാത്രമല്ല, അവൾ നദീതീരമെല്ലാം തിരഞ്ഞുനടന്നു. പല മാളങ്ങളും കയറിയിറങ്ങി. ഇപ്പോൾ അവൾ കിടക്കുന്ന പൊത്തിൽ പല പ്രാവശ്യവും പോയി. ഒടുവിൽ അതിൽ പുല്ലുകളും ചണ്ടികളും ശേഖരിയ്ക്കുവാൻ തുടങ്ങി. ഉദ്യരാജൻ അദ്ഭുതത്തോടുകൂടി നോക്കിനിന്നു. കുറച്ചു ദിവസത്തിനുള്ളിൽ അവൾ അവിടെ പ്രസവിച്ചു. തന്റെ ആനന്ദമാസം അവസാനിച്ചതിൽ ഉദ്യൻ വ്യസനിച്ചു.

ഇങ്ങിനെയാണ് ബ്ലാന്തോംപുഴ അവരുടെ ഭവനമായിത്തീർന്നത്. പക്ഷെ ആ ഭവനത്തിൽ അവൻ വെറും ഒരന്യനെപ്പോലെയാണ് കുറച്ചു ദിവസമായി കഴിച്ചുകൂട്ടുന്നത്. ശ്വേതകണ്ഠിയ്ക്ക് അവനെ നോക്കുവാൻമാത്രം കണ്ണില്ല. അവൻ പലപ്പോഴും മത്സ്യങ്ങളെ ആട്ടിപ്പിടിയ്ക്കാറുണ്ട്. ആ നായാട്ടി

ലൊന്നും അവൾം പങ്കുകൊള്ളാറില്ല. അവൻ നല്ല മത്സ്യങ്ങളെ തിരഞ്ഞുപിടിച്ച് അവൾക്ക് അടിയറ വെയ്ക്കും. അതെല്ലാം തനിയ്ക്കവകാശപ്പെട്ടതാണെന്ന ഭാവത്തിൽ സ്വീകരിയ്ക്കുന്നതല്ലാതെ അവൾ ഒരു കടക്കണ്ണുക്രടി കൊടുക്കാറില്ല.

അന്നു ഒരു മനോഹരദിവസമായിരുന്നു. വെള്ള വീശിയ ആ രംഗം അവന്റെ ഹൃദയത്തെ വികസിപ്പിച്ചു. അതിൽ പൂർവ്വസ്മരണ തള്ളിക്കയറി. തന്റെ സ്വവികാരങ്ങളേയും അന്നക്ഷണം അനുകരിച്ചിരുന്ന ആ ജീവിതസ്വസ്വം അന്നു നിർവ്വികാരയായി കിടക്കുന്നതു കണ്ടപ്പോൾ അവനു പരിഭവം തോന്നിയതിൽ അദ്ഭുതമെന്തുള്ളു? അവൻ അവളെ വീണ്ടും വിളിച്ചു.

ആ വിളിയിൽ അവന്റെ സ്വവികാരങ്ങളും ഗർഭിച്ചിരുന്നതുകൊണ്ട് അതു സഹിയ്ക്കുവാൻ വയ്യാത്തതായിരുന്നു. ശ്വേതകണ്ഠി തന്റെമേൽ ചാരിക്കിടക്കുന്ന കുട്ടികളെ പുൽമെത്തയിലേയ്ക്കു കുടഞ്ഞു വീഴ്ത്തി, ഒരു കുതിപ്പിനു വെള്ളത്തിലാണ്ടു. അതു നിശ്ശബ്ദമായിട്ടാണു്. അവൾ അതിൽ പ്രവേശിച്ചിട്ടുണ്ടെന്നു സൂചിപ്പിച്ചതു, വലുതായിവരുന്ന ഒരു വീചീവലയംമാത്രമാണ്. ശക്തിയുള്ള പിൻകാലുകളും വാലുകളും ഇടയ്ക്കു മുൻകാലുകളും പങ്കായങ്ങളായി ഉപയോഗിച്ചു വെള്ളത്തിനുമീതേ നീന്തുന്നതിനെ

ക്കാൾ വേഗത്തിൽ അതിനുള്ളിലൂടെ പോകുവാൻ അവൾക്കു സാധിയ്ക്കും. എല്ലാ കാലുകളുടേയും വിരലുകൾ താറാവിന്റെ വിരലുകളെപ്പോലെ ഒരു നേരിയ ചർമ്മംകൊണ്ടു കൂട്ടിയോജിപ്പിച്ചിരിയ്ക്കുകയാൽ തുഴച്ചിലിനു ശക്തി കൂടുതലുണ്ടായിരുന്നു. അവൾ ശ്വസിയ്ക്കുവാൻവേണ്ടി പൊന്തി. അത് ഉദ്രന്റെ അടുത്താണ്.

അവൻ മുൻകാലുകൾ ശരീരത്തോടമർത്തിവെച്ചു, കണ്ണും മൂക്കും ചെവിയും മാത്രം വെള്ളത്തിനുമീതേ നിർത്തി, ആ നിലയിൽനിന്നു തെറ്റി വെള്ളത്തിലാണ്ടുപോകാതിരിയ്ക്കുവാൻ ഇടയ്ക്കു വാലുകൊണ്ടു മന്ദമായിത്തുഴഞ്ഞു, വെള്ളത്തിൽ ഒലിയ്ക്കുകയായിരുന്നു. ശ്വേതകണ്ഠിയെ അടുത്തു കണ്ടപ്പോൾ അവന്റെ പരിഭവമെല്ലാം അവസാനിച്ചു. അവനു പഴയ കാലം വീണ്ടും വന്നപോലെ തോന്നി.

കുറച്ചുനേരം അവർ ഉല്ലസിച്ചു. മത്സ്യത്തെക്കാൾ വേഗത്തിൽ ക്രീയിട്ടും,നീന്തിയും, തിരിഞ്ഞും, വളഞ്ഞും, വൃക്ഷവേരുകൾക്കിടയിലൊളിഞ്ഞും, വെള്ളത്തിന്നടിയിലൂടേ നടന്നും അര മണിക്കൂർ കഴിഞ്ഞു. അപ്പോൾ അവൾക്കു കുട്ടികളുടെ ഓർമ്മവന്നു. വേഗത്തിൽ അവരുടെ അടുക്കലേയ്ക്കു നീന്തി. ഉദ്രൻ മുമ്പിൽച്ചെന്നു തടുത്തു. കുട്ടികൾ കരഞ്ഞു മാളത്തിന്റെ മുഖത്തു നില്ക്കുന്നത് അവനു കാണിച്ചു

കൊണ്ട്, അവനം തന്നെ വിട്ടയയ്ക്കുന്നത് അവന്റെ കർത്തവ്യമാണെന്നു മനസ്സിലാക്കി. അവൻ മനമില്ലാമനസ്സോടുകൂടി വഴിമാറി. അവനം നേരിട്ട് അവരുടെ അടുത്തുചെന്ന്, അവക്ക് മുല കൊടുത്തു, മുഖം തിരിച്ചു പ്രിയതമനെ നോക്കിക്കൊണ്ടുകിടന്നു.

ഉദ്ദൻ അവളെ വിളിച്ചു. പക്ഷെ അതിൽ പരിഭവലേശമുണ്ടായിരുന്നില്ല. അത് അവളെ കുട്ടികളോടുകൂടി പുഴയിലേയ്ക്കു ക്ഷണിയ്ക്കുകമാത്രമായിരുന്നു. കുട്ടികനം കുറച്ചുദിവസം മുമ്പുതന്നെ വെള്ളത്തിലിറങ്ങി പരിചയിച്ചിരുന്നു. നീർനായ്ക്കനം സ്ഥലജീവികളാകയാൽ മനുഷ്യനെപ്പോലെ കുട്ടികളായിരിയ്ക്കുമ്പോനം നീന്തുവാൻപഠിയ്ക്കണം. ആദ്യമായി ശ്വേതകണ്ഠി അവരെ വിളിച്ചദിവസം അവർ വെള്ളത്തിലിറങ്ങുവാൻ മടിച്ചു. പക്ഷെ ഇറങ്ങിയപ്പോനം നീന്തുവാൻ അത്ര പ്രയാസംതോന്നിയില്ല. അന്ന് അവരുടെ പ്രഥമപാഠങ്ങളെല്ലാം കഴിഞ്ഞിരുന്നു. ഉദ്ദൻ വിളിച്ചപ്പോനം അവനം എഴുന്നേറ്റു വെള്ളത്തിലേയ്ക്കിറങ്ങി. മുല കുടിച്ചു തൃപ്തിയാകാത്ത കുട്ടികളുംകൂടെയിറങ്ങി. ശ്വേതകണ്ഠി ഒഴുക്കിനനുസരിച്ച് അതിവേഗത്തിൽ കീഴ്പോട്ടുനീങ്ങി. അവിടെനിന്നു മത്സ്യങ്ങളെ കുട്ടികളുടെ അടുക്കലേയ്ക്കോടിച്ചു. തുള്ളിപ്പിടയുന്ന ആ വെള്ളിത്തകിടകനംക്കിടയിൽ അവർ സാമർത്ഥ്യമില്ലാതെ അങ്ങുമിങ്ങും ചാടി. അവർ കടി

യ്ക്കുവാൻ നോക്കുമ്പോഴേയ്ക്കും മത്സ്യങ്ങൾ ഒരു മുഴം അകലത്തായിരിക്കും. അവർനിരാശതയോടെ കോപിച്ചുചീറി. ഇതു പറഞ്ഞില്ലെന്നു ശ്വേതകണ്ഠിയ്ക്കു മനസ്സിലായി. അവൾ ഉടനെ സാഹായ്യത്തിനു വിളിച്ചു.

ഉദ്രരാജൻ അതേവരെ നിരുത്സാഹനായി നോക്കിനില്ക്കുകയായിരുന്നു. അവന്റെ അഭിപ്രായത്തിൽ, ശ്വേതകണ്ഠി കുട്ടികളെ കണക്കിലധികം ലാളിക്കുന്നുണ്ടെന്നും, അതുകൊണ്ട് അവർ തന്നെത്താൻ പുലർത്തുവാൻ കൊള്ളരുതാത്തവരായിത്തീരുമെന്നുമാണ്. അവരെ സ്വാശ്രയശീലം പഠിപ്പിച്ചു കയ്യൊഴിക്കുവാൻ വൈകിയെന്നും അവന്നഭിപ്രായമുണ്ട്. അതുകൊണ്ട് അവൻ ശ്വേതകണ്ഠിയ്ക്ക് ഒരു സാഹായ്യവും ചെയ്തിരുന്നില്ല. അവളുടെ ആ വിളി ഒരാഹ്വാനംമാത്രമല്ല; കുട്ടികളെ വേഗത്തിൽ വിട്ടൊഴിക്കേണമെന്നുണ്ടെങ്കിൽ സഹായിക്കുകയാണ് നല്ലതെന്നു അതു വ്യംഗ്യമായി സൂചിപ്പിച്ചു. അതുകൊണ്ട് അവനും നായാട്ടിൽ ചേർന്നു.

ശ്വേതകണ്ഠി കുട്ടികളുടെ അടുക്കലേക്കു നീങ്ങി. ഉദ്രൻ അവർ നില്ക്കുന്നസ്ഥലത്തേക്കു മത്സ്യങ്ങളെ ഓടിച്ചു. അവൾ മത്സ്യങ്ങളുടെ അടിയിലേക്കു ക്കുളിയിട്ടു അവയെ അടിയിൽനിന്നു മേലോട്ടു പിടിച്ചുകാട്ടിക്കൊടുത്തു, കുട്ടികളെ പരിശീലിപ്പിച്ചു. മത്സ്യങ്ങൾ വഴക്കുന്നവയാണെങ്കിലും അവളുടെ മുമ്പിയുള്ള പ

ല്ലിന്നുള്ളിൽപെട്ടാൽ പിന്നീടു ചാടിപ്പോകുക എളുപ്പമല്ല. അവയം പിടിച്ചു മത്സ്യങ്ങളെ കുട്ടികൾക്കു കൊടുത്തു.

നല്ല മത്സ്യങ്ങളെകണ്ടാൽ ഉദ്ദനും അവയെ പിടിച്ചിരുന്നു. പക്ഷെ കുട്ടികൾക്കു കൊടുക്കുന്നതിനുപകരം അവയെ എടുത്തു കൊണ്ടുപോയി ഒരു പാറക്കല്ലിന്മേൽവെച്ചു സുഖമായിത്തിന്നുകയാണു് അവൻ ചെയ്തിരുന്നതു്.

എല്ലാവരും വയറുനിറച്ചതിന്നുശേഷം വലിയ നീർനായ്ക്കൾ കുട്ടികളോടുകൂടി കൂടിച്ചു കളിച്ചു. കുട്ടികൾ ക്രമേണ സാമർത്ഥ്യം പഠിച്ചു. അവർ ക്ഷീണിച്ചു എന്നു മനസ്സിലായപ്പോൾ ശ്വേതകണ്ഠി അവരോടുകൂടി മാളത്തിലേക്കു കയറി. അവരുടെ ഇടതൂർന്ന കറിയ ഉൾരോമങ്ങൾ നനയുകയില്ലെങ്കിലും, നീണ്ട പുറരോമങ്ങളിൽ വെള്ളമുണ്ടു്. അതുകൊണ്ടു ശ്വേതകണ്ഠി കുട്ടികളുടെ ശരീരമെല്ലാം നക്കിത്തോർത്തി, അവരെ പുൽമെത്തയിൽ കിടത്തി, തന്റെ ശരീരവും ഉണക്കി, അവരുടെ കൂടെക്കിടന്നു സുഖനിദ്ര പ്രാപിച്ചു.

ഉദ്ദരാജൻ പുഴയിൽനിന്നു കയറി അടുത്തുള്ള സമഭൂമികളിലെല്ലാം കുറെനേരം സഞ്ചരിച്ചു. പുലരുന്നതിന്നുമുമ്പു് അവനും മടങ്ങിവന്നു അവരുടെ മാളത്തിന്നടുത്തുള്ള ഒരു വേരിന്നിടയിൽ ചുരുണ്ടുകിടന്നു വാലുകൊണ്ടു തലമൂടി സുഖമായുറങ്ങി.

This is a bad story

The bad story

